# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്



## കോസ്റ്റ് ഗാർഡ് എയർ എൻക്ലേവ്–എയർ ഓപ്പറേഷൻ യൂണിറ്റ്

**SIA UNIT**

PLANET KERALA
Participatory Learning and Action Network


പ്ലാനറ്റ് കേരള
റ്റി. സി.– **8/1378 (8)** ശ്രീബാബ ലൈൻ
വലിയവിള, തിരുമല. പി.ഒ
തിരുവനന്തപുരം–**695006**
കേരള, ഇന്ത്യ,
**#+91-471-2368188 (**ഓഫീസ്**)**
**#+91-9447545598 (**മൊബൈൽ**)**
ഇമെയിൽ**:** **2001planet@gmail.com**
വെബ്**:** **www.planetkerala.org**


കരട് റിപ്പോർട്ട്
**13** ഫെബ്രുവരി **2023**

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | കോസ്റ്റ് ഗാർഡ് എയർ എൻക്ലേവ്–എയർ ഓപ്പറേഷൻ യൂണിറ്റ് |
| സംസ്ഥാനം | : | കേരളം |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | തിരുവനന്തപുരം |
| റവന്യൂ വില്ലേജ് | : | പേട്ട |
| തദ്ദേശ സ്ഥാപനം | :<br>: | തിരുവനന്തപുരം കോർപ്പറേഷൻ |
| ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് (ആർ) | : | 27.12 ആർ |
| ആഘാത ബാധിതമായ കുടുംബങ്ങളുടെ എണ്ണം | : | 5 |
| സർവ്വേ നമ്പറുകളുടെ എണ്ണം | : | 5 |
| അർഥനാധികാരി | : | കമാൻഡിംഗ് ഓഫീസർ,<br>ഇന്ത്യൻ കോസ്റ്റ് ഗാർഡ്,<br>വിഴിഞ്ഞം, തിരുവനന്തപുരം |
| ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | : | സ്പെഷ്യൽ തഹസിൽദാർ (എൽ.എ)<br>ഇന്റർ നാഷണൽ എയർപോർട്ട്,<br>സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം |
| സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് | : | പ്ലാനറ്റ് കേരള<br>തിരുവനന്തപുരം |
| 4 (1) വിജ്ഞാപന നമ്പർ, തിയ്യതി | : | വാല്യം 11 നമ്പർ 3536<br>തിയ്യതി 14 ഒക്ടോബർ 2022 |
| പഠനം ആരംഭിച്ച തിയ്യതി | : | 30 ഒക്ടോബർ 2022 |
| കരട് റിപ്പോർട്ട് പ്രസിദ്ധീകരിച്ച തിയ്യതി | : | 13 ഫെബ്രുവരി 2023 |
| പബ്ലിക് ഹിയറിംഗ് തിയ്യതി | : | 28 ഫെബ്രുവരി 2023 |
| പഠനം പൂർത്തിയാക്കിയ തിയ്യതി | : | |
| റിപ്പോർട്ട് സമർപ്പിച്ച തിയ്യതി | : | |

## സംഗ്രഹം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (കേന്ദ്ര നിയമം 30/2013) 2013 ൽ നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിക്കുന്നതിന് മുമ്പായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്.


ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07-02-2017 ാം തിയ്യതിയിലെ K6-89903/16 നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലയിലും, റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10-03-2020 ാം തിയ്യതിയിലെ GO(Rt) No. 982/2020/RD ാം നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാനത്തിലും പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, ഇന്ത്യൻ കോസ്റ്റ് ഗാർഡ് തിരുവനന്തപുരം വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ടെർമിനലിനും, റൺവേക്കും സമീപം എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. 2013 ലെ നിയമം അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 2022 ഒക്ടോബർ 14ാം തിയ്യതി അസാധാരണ ഗസറ്റായി വാല്യം 11 നമ്പർ 3536 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ആഘാതബാധിതമായ പ്രദേശത്ത് പ്ലാനറ്റ് കേരള നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് റിപ്പോർട്ടാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്. 2013 ലെ 30ാം നമ്പർ കേന്ദ്ര നിയമവും, 2015 ലെ അവകാശ ചട്ടങ്ങളുമനുസരിച്ച് പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ടവരിൽനിന്നും ശേഖരിച്ച്, ക്രോഡീകരിച്ച്, വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പഠന റിപ്പോർട്ട് 2023 ഫെബ്രുവരി 13 ന് പ്രസിദ്ധീകരിക്കുകയും, കരട് റിപ്പോർട്ടിൻമേലുള്ള ചർച്ചകൾക്കും, തിരുത്തലുകൾക്കും, കൂട്ടിച്ചേർക്കലുകൾക്കുമായി 2023 ഫെബ്രുവരി 28ാം തിയ്യതി പബ്ലിക് ഹിയറിംഗ് നടത്താൻ തീരുമാനിക്കുകയും ലഭ്യമായ നിർദ്ദേശങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നതുമാണ്.

പഠനത്തിന്റെ വിവിധ ഘട്ടങ്ങളിലായി സഹകരിച്ച തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർമാർ റവന്യൂ, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, തിരുവനന്തപുരം ഉദ്യോഗസ്ഥർ, ആവശ്യമായ സ്ഥിതിവിവരങ്ങൾ നൽകിയ ഭൂഉടമസ്ഥർ, പൊതുജനങ്ങൾ എന്നിവർക്ക് നന്ദി അറിയിച്ചുകൊണ്ട് ഈ പഠന റിപ്പോർട്ട് സമർപ്പിക്കുന്നു.

ആന്റണി കുന്നത്
ചെയർമാൻ,
സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്
പ്ലാനറ്റ് കേരള, തിരുവനന്തപുരം.

## പദ്ധതി പ്രദേശത്തിന്റെ രേഖാ ചിത്രം



**ഉള്ളടക്കം**


| | | |
|---|---|---|
| **അധ്യായം – 1 ആമുഖം** | | |
| 1.1 | പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും | 1 |
| 1.2 | പദ്ധതി പ്രദേശം | 3 |
| 1.3 | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി | 3 |
| 1.4 | ബദൽ സാധ്യതകൾ | 4 |
| 1.5 | സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും | 5 |
| 1.6 | വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം | 6 |
| **അധ്യായം – 2 പദ്ധതി സംബന്ധിച്ച വിവരങ്ങൾ** | | |
| 2.1 | പദ്ധതിയുടെ പശ്ചാത്തലം | 10 |
| 2.2 | പദ്ധതിയുടെ അടിസ്ഥാനം | 11 |
| 2.3 | പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം | 13 |
| 2.4 | നിർമ്മാണ ഘട്ടങ്ങൾ | 14 |
| 2.5 | നിർമ്മാണത്തിന്റെ സവിശേഷതകൾ | 14 |
| 2.6 | അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത | 14 |
| 2.7 | തൊഴിലാളികളുടെ ആവശ്യകത | 14 |
| 2.8 | മുമ്പ് നടത്തിയ പഠനങ്ങൾ | 14 |
| 2.9 | ഉപയുക്തമായ നയങ്ങളും, നിയമങ്ങളും | 14 |
| **അദ്ധ്യായം – 3 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും** | | |
| 3.1 | പശ്ചാത്തലം | 16 |
| 3.2 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും<br>സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും | 16 |
| 3.3 | ഡെസ്ക് റിസേർച്ച് | 18 |

| | | |
|---|---|---|
| 3.4 | സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം | 19 |
| 3.5 | ദ്വിതീയ വിവര ശേഖരണം | 19 |
| 3.6 | പദ്ധതിപ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും | 20 |
| 3.7 | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം | 21 |
| 3.8 | സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും | 21 |
| 3.9 | സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും | 21 |
| 3.10 | പൊതുസമൂഹവുമായുള്ള പര്യാലോചന (പബ്ലിക് ഹിയറിംഗ്) | 22 |
| 3.11 | പഠനത്തിന്റെ പരിമിതികൾ | 23 |
| **അദ്ധ്യായം – 4 ഭൂനിർണ്ണയം** | | |
| 4.1 | പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം | 25 |
| 4.2 | നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി | 26 |
| 4.3 | പൊതു സ്ഥലത്തിന്റെ ഉപയോഗം | 28 |
| **അദ്ധ്യായം – 5 മൂല്യനിർണ്ണയം** | | |
| 5.1 | പ്രത്യക്ഷമായി ബാധിക്കുന്നത് | 29 |
| 5.2 | ഭൂഉടമസ്ഥാവകാശത്തിന്റെ കാലയളവ് | 29 |
| 5.3 | മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ | 29 |
| 5.4 | പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങൾ | 30 |
| 5.5 | ഉൽപ്പാദനക്ഷമമായ ആസ്തികൾ | 30 |
| 5.6 | വരുമാനദായകമായ മുതലുകളുടെ സ്ഥിതിവിവരം | 30 |
| **അദ്ധ്യായം – 6 സാമൂഹ്യ സാമ്പത്തീക അവസ്ഥ** | | |
| 6.1 | ജനസംഖ്യ വിവരങ്ങൾ | 32 |
| 6.2 | വരുമാനവും, സാമ്പത്തീകാവസ്ഥയും | 34 |

| | | |
|---|---|---|
| 6.3 | ദുർബല വിഭാഗങ്ങൾ | 36 |
| 6.4 | ഭൂവിനിയോഗവും ഉപജീവനവും | 36 |
| **അദ്ധ്യായം – 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ** | | |
| 7.1 | രൂപരേഖയും, സമീപനങ്ങളും | 37 |
| 7.2 | പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം | 37 |
| 7.3 | വ്യത്യസ്ത സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനവും പരിഹാര നടപടികളും | 38 |
| 7.4 | പദ്ധതി പ്രസ്താവനയിലെ ലഘൂകരണ നടപടികൾ | 40 |
| 7.5 | സാമൂഹ്യ പ്രത്യാഘാത ലഘൂകരണ, ഒഴിവാക്കൽ നടപടികളും നഷ്ടപരിഹാരവും | 41 |
| **അദ്ധ്യായം – 8 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – സ്ഥാപന ഘടന** | | |
| 8.1 | സ്ഥാപന ഘടനയും, ഉദ്യോഗസ്ഥരും | 44 |
| **അദ്ധ്യായം – 9 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം, ദൂരീകരണം – ബജറ്റ്** | | |
| 9.1 | പുനരധിവാസത്തിന്റേയും, പുനസ്ഥാപനത്തിന്റേയും ചെലവ് | 46 |
| 9.2 | വാർഷിക ബജറ്റും, കർമ്മ പദ്ധതികളും | 46 |
| 9.3 | സാമ്പത്തീക സ്രോതസ്സുകളും, ചെലവിനങ്ങളും | 46 |
| **അദ്ധ്യായം – 10 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – ഗതിനിയന്ത്രണവും, വിലയിരുത്തലും** | | |
| 10.1 | സംസ്ഥാന തലം | 47 |
| 10.2 | ജില്ലാ തലം | 47 |
| **അദ്ധ്യായം – 11 ചെലവുകളേയും, പ്രയോജനങ്ങളേയും സംബന്ധിച്ച വിശകലനവും, ശുപാർശകളും** | | |
| 11.1 | അന്തിമ വിശകലനം | 48 |
| 11.2 | ആഘാതബാധിതതരുടെ പ്രധാന നിർദ്ദേശങ്ങൾ | 50 |
| 11.3 | ശുപാർശകൾ | 51 |

## പട്ടികകളുടെ വിവരം


| പട്ടികകൾ | | |
|---|---|---|
| പട്ടിക 1.1 | സർവ്വേ നമ്പർ/ഭൂഉടമസ്ഥർ എണ്ണം | 4 |
| പട്ടിക 3.1 | പഠന വിലയിരുത്തൽ സംഘം | 18 |
| പട്ടിക 3.2 | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ | 19 |
| പട്ടിക 4.1 | ആഘാതബാധിത സ്ഥലത്തിന്റെ വിവരങ്ങൾ | 24 |
| പട്ടിക 4.2 | ആഘാതബാധിതർ ലൊക്കേഷൻ തിരിച്ച് | 24 |
| പട്ടിക 4.3 | ആഘാതബാധിതർ വാർഡ് തിരിച്ച് | 25 |
| പട്ടിക 4.4 | ആഘാതബാധിതർ സർവ്വേ നമ്പർ തിരിച്ച് | 25 |
| പട്ടിക 4.5 | ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരങ്ങൾ | 26 |
| പട്ടിക 5.1 | ബാധിക്കുന്ന വസ്തുവഹകൾ എണ്ണം | 27 |
| പട്ടിക 5.2 | ഉടമസ്ഥാവകാശത്തിന്റെ കാലയളവ് | 27 |
| പട്ടിക 5.3 | അവകാശ സ്വഭാവം | 28 |
| പട്ടിക 5.4 | വരുമാനദായകമായ മുതലുകളുടെ നഷ്ടം | 29 |
| പട്ടിക 6.1 | ജനസംഖ്യ വയസ്സ് തിരിച്ച് | 30 |
| പട്ടിക 6.2 | മതവിഭാഗം | 30 |
| പട്ടിക 6.3 | സാമൂഹ്യ വിഭാഗം | 31 |
| പട്ടിക 6.4 | വിവാഹസ്ഥിതി | 31 |
| പട്ടിക 6.5 | കുടുംബ ഘടന | 31 |
| പട്ടിക 6.6 | വിദ്യാഭ്യാസ നിലവാരം | 32 |
| പട്ടിക 6.7 | പൊതുവിതരണ സംവിധാനം തരംതിരിവ് | 32 |
| പട്ടിക 6.8 | കുടുംബത്തിന്റെ മാസവരുമാനം | 32 |
| പട്ടിക 6.9 | വരുമാന മാർഗ്ഗങ്ങൾ | 33 |
| പട്ടിക 6.10 | പ്രതിമാസ ചെലവ് | 33 |
| പട്ടിക 6.11 | വായ്പാ വിവരങ്ങൾ | 33 |
| പട്ടിക 7.1 | വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം | 35 |
| പട്ടിക 7.2 | സാമൂഹ്യ പ്രത്യാഘാതങ്ങളും, ലഘൂകരണ മാർഗ്ഗങ്ങളും | 37 |
| പട്ടിക 7.3 | ഏറ്റെടുക്കേണ്ട ഭൂമിയിലെ വസ്തുവഹകൾ സംബന്ധിച്ച വിവരങ്ങൾ | 38 |
| പട്ടിക 7.4 | പദ്ധതി ഗുണങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ | 43 |
| പട്ടിക 7.5 | പദ്ധതി ദോഷങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ | 43 |
| പട്ടിക 7.6 | പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ ഗാർഹീകം–ഉടമസ്ഥൻ | 43 |
| പട്ടിക 11.1 | പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ | 49 |

**അനുബന്ധം**


| | | |
|---|---|---|
| 1 | 4 (1) വിജ്ഞാപനം | 52 |
| 2 | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണ ചോദ്യാവലി | 56 |
| 3 | ആഘാത ബാധിതരായ ഉടമസ്ഥരുടെ വിവരങ്ങൾ അടങ്ങിയ പട്ടിക | 62 |
| 4 | ആഘാതബാധിതമായ കുടുംബങ്ങളുടെ നിർദ്ദേശങ്ങൾ/ആഘാതത്തിന്റെ തോത് | 65 |
| 5 | പബ്ലിക് ഹിയറിംഗ് നോട്ടീസിന്റെ കോപ്പി | 69 |
| 6 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ പത്രക്കുറിപ്പുകൾ | 72 |
| 7 | പബ്ലിക് ഹിയറിംഗ് പ്രോഗ്രാം | 74 |
| 8 | 11-08-2022 ലെ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, എസ്.ഐ.എ. പ്രതിനിധികൾ മുതലായവർ) | 75 |
| 9 | 11-08-2022 ലെ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ഉടമസ്ഥർ, പൊതുജനങ്ങൾ) | 76 |
| 10 | 11-08-2022 ലെ പബ്ലിക് ഹിയറിംഗ് റിപ്പോർട്ട് | 79 |
| 11 | ഫോട്ടോകൾ | 84 |

## അധ്യായം – 1

### ആമുഖം

### 1.1 പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും

കമാൻഡിംഗ് ഓഫീസർ, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, വിഴിഞ്ഞം, തിരുവനന്തപുരം അർത്ഥനാധികാരിയായും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ഇന്റർ നാഷണൽ എയർപോർട്ട്, സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതിയാണ് ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 27.12 ആർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്.

നേമം അസംബ്ലി നിയോജക മണ്ഡലത്തിലെ തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഭൂമിശാസ്ത്രപരവും, തന്ത്രപ്രധാനവുമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും ആവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായതിനാൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി അത്യന്താപേക്ഷിതമാണ്. കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ ആകാശ നിരീക്ഷണത്തിനും, തിരച്ചിലിനും, രക്ഷപ്പെടുത്തലുകൾക്കുമായി ആവശ്യമായ തീരസംരക്ഷണ വ്യോമയാന സൗകര്യങ്ങൾ തിരുവനന്തപുരത്ത് നിലവിലില്ലാത്തതിനാൽ ഇപ്പോഴും കൊച്ചിയെ ആശ്രയിച്ചാണ് ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് തിരുവനന്തപുരത്ത് ആരംഭിക്കുകയാണെങ്കിൽ ആവശ്യഘട്ടങ്ങളിലെല്ലാം തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും, ദേശീയ–അന്തർദേശീയ കപ്പൽ ഗതാഗതം നിരീക്ഷിക്കുന്നതിനും, മത്സ്യബന്ധനത്തി ലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്കും സാധിക്കുന്നതോടൊപ്പം പ്രകൃതി ദുരന്തങ്ങളോട് സമയബന്ധിതമായി പ്രതികരിക്കുന്നതിനും പ്രസ്തുത യൂണിറ്റിന് സാധിക്കുന്നതാണ്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി 5 സർവ്വേ നമ്പറുകളിലെ 5 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 5 കുടുംബങ്ങളിലെ 5 ഭൂഉടമകളിൽനിന്നാണ് ഭൂമി ഏറ്റെടുക്കേണ്ടിവരുന്നത്.

നേമം അസംബ്ലി നിയോജക മണ്ഡലത്തിലെ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വ്യത്യസ്ത ബ്ലോക്കുനമ്പറുകളിൽ ഉൾപ്പെടുന്ന 5 സർവ്വേ നമ്പറുകളിലെ 5 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 5 കുടുംബങ്ങളെ നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നതാണ്.

ഇന്ത്യൻ കോസ്റ്റ് ഗാർഡ് തിരുവനന്തപുരം വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ടെർമിനലിനും, റൺവേക്കും സമീപം എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്നതിനാവശ്യമായ രൂപരേഖ തയ്യാറാക്കുമ്പോൾ സാമൂഹ്യവും, പാരിസ്ഥിതികവുമായ

പ്രത്യാഘാതം പരമാവധി കുറച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ ആകാശ നിരീക്ഷണത്തിനും, തിരച്ചിലിനും, രക്ഷപ്പെടുത്തലുകൾക്കുമായി ആവശ്യമായ തീരസംരക്ഷണ വ്യോമയാന സൗകര്യങ്ങൾ മെച്ചപ്പെടുന്നതിനും, ദേശീയ പ്രാധാന്യമുള്ള തീരദേശ സംരംക്ഷണത്തിന് ഇന്ത്യൻ കോസ്റ്റ് ഗാർഡ് തിരുവനന്തപുരം യൂണിറ്റിന് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പ്രധാനം ചെയ്യുന്നതിനും സാധിക്കുന്നതാണ്.

23-12-2021 ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ 273/2021/ആർ.ഡി പ്രകാരം അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചത്. തുടർന്ന് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23-03-2022ാം തിയ്യതിയിലെ കെ 14-187111/19 ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ഇന്റർ നാഷണൽ എയർപോർട്ട്, സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം ആവശ്യമായ ഭൂമി അളന്ന് തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനയി ചുമതലപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യ വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മുന്നോടിയായി 2013 ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും 2013 ൽ നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിക്കുന്നതിന് മുമ്പായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്. ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07-02-2017 ാം തിയ്യതിയിലെ K6-89903/16 നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലയിലും, റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10-03-2020 ാം തിയ്യതിയിലെ GO(Rt) No. 982/2020/RD ാം നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാനത്തിലും പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും 2013 ൽ പ്രതിപാദിച്ച രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 2022 ഒക്ടോബർ മാസം 14ാം തിയ്യതി അസാധാരണ ഗസറ്റായി വാല്യം 11 ൽ 3536 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം പ്ലാനറ്റ് കേരള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം ആരംഭിക്കുകയും ചെയ്തു.

### 1.2 പദ്ധതി പ്രദേശം

നിർദ്ദിഷ്ഠ പദ്ധതി പ്രദേശം തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്നതാണ്. പദ്ധതി പ്രദേശം സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങളാണ് പട്ടിക – 1 ൽ കാണിച്ചിരിക്കുന്നത്.

| പട്ടിക – 1.1 പദ്ധതി പ്രദേശം | | | | |
|---|---|---|---|---|
| നമ്പർ | നിയമസഭാ മണ്ഡലം | തദ്ദേശ സ്ഥാപനം | വാർഡ് പേര്/ നമ്പർ | വില്ലേജ് |
| 1 | നേമം | തിരുവനന്തപുരം കോർപ്പറേഷൻ | | പേട്ട |

### 1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി

തിരുവനന്തപുരം ജില്ലയിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കായി 4(1) വിജ്ഞാപനപ്രകാരം തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ടിരിക്കുന്ന ഏകദേശം 27.12 ആർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കാണിച്ചിരിക്കുന്നത്. ഇതനുസരിച്ചുള്ള സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂഉടമസ്ഥരിൽനിന്നാണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്. ഇത്തരത്തിൽ പഠനം നടത്തിയ അവസരത്തിൽ 5 സർവ്വേ നമ്പറുകളിലെ 5 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 5 കുടുംബങ്ങളിലെ 5 ഭൂഉടമകളിൽനിന്നാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ടിവരുന്നത്.

| പട്ടിക – 1.2 സർവ്വേ നമ്പർ സംബന്ധിച്ച വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ | കുടുംബങ്ങൾ എണ്ണം | സർവ്വേ നമ്പർ എണ്ണം | സബ് ഡിവിഷൻ എണ്ണം | ഭൂഉടമസ്ഥർ എണ്ണം |
| 1 | പേട്ട | 11 | 5 | 5 | 5 | 5 |
| | ആകെ | | | | | |

കുറിപ്പ്: സബ്ഡിവിഷൻ മുതലായ കാരണങ്ങളാലാണ് സർവ്വേ നമ്പറുകളുടെ എണ്ണത്തിൽ 4(1) ൽ നിന്നും വ്യത്യസ്തമായി ഫീൽഡ് തലത്തിൽ വന്നിരിക്കുന്നത്.

### 1.4 ബദൽസാധ്യതകൾ

നേമം അസംബ്ലി നിയോജക മണ്ഡലത്തിലെ തിരുവനന്തപുരം കോർപ്പറേഷനിൽ ഉൾപ്പെടുന്നതും, തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി

ആസൂത്രണം ചെയ്തിരിക്കുന്നത്. ഭൂമിശാസ്ത്രപരവും, തന്ത്രപ്രധാനവുമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തീരപ്രദേശങ്ങളുടെ സുരക്ഷ നിരീക്ഷണത്തിനും, സംരക്ഷണത്തിനും ആവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായതിനാൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി അത്യന്താപേക്ഷിതമാണ്. കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ ആകാശ നിരീക്ഷണത്തിനും, തിരച്ചിലിനും, രക്ഷപ്പെടുത്തലുകൾക്കുമായി ആവശ്യമായ തീരസംരക്ഷണ വ്യോമയാന സൗകര്യങ്ങൾ തിരുവനന്തപുരത്ത് നിലവിലില്ലാത്തതിനാൽ ഇപ്പോഴും കൊച്ചിയെ ആശ്രയിച്ചാണ് ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് തിരുവനന്തപുരത്ത് ആരംഭിക്കുകയാണെങ്കിൽ ആവശ്യഘട്ടങ്ങളിലെല്ലാം തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും, ദേശീയ-അന്തർദേശീയ കപ്പൽ ഗതാഗതം നിരീക്ഷിക്കുന്നതിനും, മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്കും സാധിക്കുന്നതോടൊപ്പം പ്രകൃതി ദുരന്തങ്ങളോട് സമയബന്ധിതമായി പ്രതികരിക്കുന്നതിനും പ്രസ്തുത യൂണിറ്റിന് സാധിക്കുന്നതാണ്. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് നിർദ്ദിഷ്ട പദ്ധതിയിലൂടെ സാധിക്കുമെന്നാണ് പൊതുജന അഭിപ്രായത്തിലൂടേയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെയും വെളിവാക്കപ്പെടുന്നത്. സ്വകാര്യ വ്യക്തികളുടെ ഭൂമിയേയും, നിർമ്മിതികളേയും പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ബാധിക്കുമെന്ന സാഹചര്യമുണ്ടെങ്കിലും, നിർദ്ദിഷ്ട നിർമ്മാണ പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും ആവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായതിനാലും, നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവർ ആയതിനാലും, പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ പ്രദേശം എന്നതിനാലും ബദൽ സാധ്യതകൾ യാതൊന്നും തന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ടതായി വരുന്നില്ല.

### 1.5 സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി സുപ്രധാനമായ സാമൂഹ്യപ്രത്യാഘാതങ്ങൾ കണ്ടെത്തി ആവയുടെ പ്രാധാന്യം വിലയിരുത്തി ആഘാത ലഘൂകരണത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. ആയതിനാൽതന്നെ വ്യത്യസ്ത ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ നിർണ്ണയിക്കുകയും അവയുടെ സംഗ്രഹരൂപം ചുവടെ പ്രതിപാദിക്കുകയും ചെയ്യുന്നു.

**1.6 വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം**

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിന് മുമ്പ് | • അലൈൻമെന്റിനനുസൃതമായി ഭൂമി അളന്ന് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ<br>• ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള നിർമ്മിതികളുടെ വില നിശ്ചയിച്ച് പൊളിച്ച് നീക്കൽ<br>• കാർഷിക വിളകളുടെ നഷ്ടം<br>• തൊഴിലാളികൾ, പരിസരത്ത് താമസിക്കുന്നവർ, യാത്രക്കാർ, എന്നിവരുടെ അപകട സാധ്യതകളും, സുരക്ഷയും. |
| 2 | നിർമ്മാണ ഘട്ടം | • നിർമ്മാണ ഘട്ടത്തിലെ തൊഴിൽ ലഭ്യത<br>• പുറമേനിന്നുള്ള തൊഴിലാളികൾ വികസന പ്രവർത്തികൾക്കായി വരുന്നതിലൂടെ തദ്ദേശിയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം, പകർച്ചവ്യാധികൾ എന്നീ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു.<br>• നിർമ്മിതികൾ പൊളിക്കുന്ന അവസരത്തിലും, നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോഴും പൊടി മുതലായ മാലിന്യങ്ങൾ ഉണ്ടാകുന്നതും, ശബ്ദമലിനീകരണവും.<br>• തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്നവരുടേയും, സഞ്ചാരികളൂടേയും അപകട സാധ്യതകളും, സുരക്ഷയും.<br>• നിർമ്മാണ ഘട്ടത്തിൽ ഗതാഗം തടസ്സപ്പെടുമെന്ന ജനങ്ങളുടെ ആശങ്ക.<br>• വൈദ്യുതി കാലുകൾ പുനക്രമീകരിച്ച് സ്ഥാപിക്കുമ്പോൾ ഉണ്ടാകാവുന്ന വൈദ്യുതി തടസ്സങ്ങൾ |
| 3 | പ്രവർത്തന ഘട്ടം | • തീരപ്രദേശങ്ങളുടെ സുരക്ഷ നിരീക്ഷണത്തിനും, സംരക്ഷണത്തിനും ആവശ്യമായ ആധുനീക സംവിധാനങ്ങൾ ഒരുക്കപ്പെടുന്നു.<br>• തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും, ദേശീയ–അന്തർദേശീയ കപ്പൽ ഗതാഗതം നിരീക്ഷിക്കുന്നതിനും, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്കും സാധിക്കുന്നു.<br>• പ്രകൃതി ദുരന്തങ്ങളോട് സമയബന്ധിതമായി പ്രതികരിക്കുന്നതിന് സാധിക്കുന്നു |

## സാമൂഹ്യ പ്രത്യാഘാതവും സാധ്യമായ ലഘൂകരണ മാർഗ്ഗങ്ങളുടെ വിശലനവും

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 5 കുടുംബങ്ങളുടെ 5 സബ്ഡിവിഷനുകളിലുള്ള ഭൂമി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 2 | ഭൂമിയും നിർമ്മിതിയും നഷ്ടപ്പെടുന്നത് | 5 കുടുംബങ്ങളുടെ 5 സബ്ഡിവിഷനുകളിലായി നിലവിലുള്ള നിർമ്മിതികളെ പ്രത്യക്ഷമായോ, പരോക്ഷമായോ ബാധിക്കുന്നു | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 3 | ഉൽപ്പാദനക്ഷമമായ ആസ്ഥികൾ നഷ്ടപ്പെടുന്നത് | പട്ടിക 5.4 പ്രകാരം 9 വ്യത്യസ്ത ഇനങ്ങളിലുള്ള 10 മരങ്ങൾ നഷ്ടമാകുന്നു | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 4 | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 5 | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 6 | പൊതുമുതലുകൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളും, സാധാരണ വസ്തുവഹകളും നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 10 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

കുറിപ്പ്: വിവരദാതാക്കൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രസ്താവിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നത്. ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

**സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ**

- ❖ ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ❖ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടമാകുന്ന വീട്, കെട്ടിടങ്ങൾ, അതിർത്തി മതിൽ, ഗേറ്റ്, മരങ്ങൾ എന്നിവക്കെല്ലാം അർഹമായ നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ❖ ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച് അറിയിപ്പുകൾ ലഭിക്കാത്തതിനാലും, നടപടികൾ എപ്പോൾ പൂർത്തിയാകും എന്നറിയാത്തതിനാലും, നടപടിക്രമങ്ങൾ വൈകുന്നതുമൂലവും ആഘാത ബാധിതരായവർ ആശങ്കയിലാണ്. ആയതിനാൽ അർഹമായ നഷ്ടപരിഹാരം നൽകി താമസംവിനാ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

- ❖ പരമാവധി വേഗത്തിലും, കാലതാമസം കൂടാതെയും ഏറ്റെടുക്കേണ്ട ഭൂമിയും അവയിലുള്ള കൃഷികളും മുഴുവനായും ഏറ്റെടുക്കുകയും, അർഹമായ നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് ആഘാതബാധിതരുമായുള്ള കൂടിക്കാഴ്ചകളിൽ നിന്നും പഠന സംഘാംങ്ങൾക്ക് ബോധ്യപ്പെട്ടത്.

- ❖ ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ മുതലായ നടക്കുന്ന അവസരത്തിൽ പുറമേനിന്നുള്ള തൊഴിലാളികൾ സ്ഥിരമായി ഈ പ്രദേശത്ത് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആരോഗ്യം, മാലിന്യം, ശുചിത്വം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളും, സംഘടനകളും പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

- ❖ ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ എന്നിവ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങളുടേയും, സഞ്ചാരികളുടേയും, തൊഴിലാളികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കോള്ളേണ്ടതാണ്.

- നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തികൾ നടക്കുന്ന അവസരത്തിൽ സഞ്ചാര തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ അധികാരികൾ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതാണെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുന്നു.

# അധ്യായം – 2

## പദ്ധതി സംബന്ധിച്ച വിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലം

കേരള സംസ്ഥാനത്തിന്റെ തെക്കെഅറ്റത്തുള്ള തീരദേശ ജില്ലയാണ് തിരുവനന്തപുരം. അറബിക്കടലിന്റെ തീരത്തുനിന്നു 78 കിലോമീറ്റർ അകലത്തിൽ വ്യാപിച്ച് കിടക്കുന്ന പ്രദേശമാണിത്. 2192 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ ജില്ല 1957 ൽ ആണ് നിലവിൽ വന്നത്. 2011 ലെ സെൻസസ് അനുസരിച്ച് 33,07,284 ആണ് ഇവിടത്തെ ജനസംഖ്യ. കേരള സംസ്ഥാനത്ത് മലപ്പുറം ജില്ല കഴിഞ്ഞാൽ ഏറ്റവും അധികം ജനസംഖ്യയുള്ള ജില്ലയാണ് തിരുവനന്തപുരം. ഭരണ സൗകര്യത്തിനായി ജില്ലയെ തിരുവനന്തപുരം, നെയ്യാറ്റിൻകര, ചിറയിൻകീഴ്, കാട്ടാക്കട, നെടുമങ്ങാട്, വർക്കല എന്നിങ്ങനെ ആറ് താലൂക്കുകളായി വിഭജിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷനും, 12 ബ്ലോക്ക് പഞ്ചായത്തുകളും, 73 ഗ്രാമപഞ്ചായത്തുകളും, 4 നഗരസഭകളുമാണ് ഉള്ളത്.

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ പേട്ട റവന്യൂ വില്ലേജിൽ ഉൾപ്പെടുന്നിടത്താണ് നിർദ്ദിഷ്ട പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ വിവരങ്ങളാണ് താഴെ പ്രതിപാദിച്ചിരിക്കുന്നത്.

**പട്ടിക – 2.1 ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ**

| നമ്പർ | തദ്ദേശ സ്ഥാപനം | വിസ്തീർണ്ണം (ച.കി.മി.) | വാർഡുകൾ എണ്ണം | വീടുകൾ എണ്ണം | ജനസംഖ്യ (പുരുഷൻ) | ജനസംഖ്യ (സ്ത്രീ) | ജനസംഖ്യ (ആകെ) |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 214.86 | 100 | 191446 | 467739 | 489991 | 957730 |
| | **ആകെ** | **214.86** | **100** | **191446** | **467739** | **489991** | **957730** |

ഇന്ത്യൻ സമുദ്രമേഖലയുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, ഭൂമിശാസ്ത്രപരവും, തന്ത്രപ്രധാനവുമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തീരപ്രദേശങ്ങളുടെ സുരക്ഷ നിരീക്ഷണത്തിനും, സംരക്ഷണത്തിനുമായാണ് ഇന്ത്യൻ കോസ്റ്റ് ഗാർഡ് പ്രവർത്തിച്ച് വരുന്നത്. ഇന്ത്യൻ നാവീക സേനയും മറ്റ് അനുബന്ധ വകുപ്പുകളുമായി സഹകരിച്ചാണ് കോസ്റ്റ് ഗാർഡ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവരുമായതിനാൽ താമസംവിനാ ഭൂമി ഏറ്റെടുത്ത് വികസന പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതോടെ തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും, ദേശീയ–അന്തർദേശീയ കപ്പൽ ഗതാഗതം നിരീക്ഷിക്കുന്നതിനും, മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്കും സാധിക്കുന്ന

തോടൊപ്പം പ്രകൃതി ദുരന്തങ്ങളോട് സമയബന്ധിതമായി പ്രതികരിക്കുന്നതിനും സഹായകരമാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 2.2 പദ്ധതിയുടെ അടിസ്ഥാനം

23-12-2021 ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ 273/2021/ആർ.ഡി പ്രകാരം അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചത്.

- 1894 ലെ ഭൂമി ഏറ്റെടുക്കൽ നിയമം കേന്ദ്ര സർക്കാർ 2013 ൽ പരിഷ്കരിക്കുകയും പകരമായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങൾ 2014 ജനുവരി മാസം 1ാം തിയ്യതി മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. തുടർന്ന് നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കേരള സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ച് 2015 സെപ്തംബർ 23 ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത നിയമത്തിന്റേയും, ചട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ് ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിച്ചത്.

- 2013 ലെ പുതിയ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23-03-2022ാം തിയ്യതിയിലെ കെ 14-187111/19 ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ഇന്റർ നാഷണൽ എയർപോർട്ട്, സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം, ആവശ്യമായ ഭൂമി അളന്ന് തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനയി ചുമതലപ്പെടുത്തി.

- 2013 ലെ നിയമത്തിനും, ചട്ടങ്ങൾക്കും അനുസൃതമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാനും തയ്യാറാക്കി നൽകുന്നതിനായി കേരള സർക്കാരിന്റെ 2022 ഒക്ടോബർ മാസം 14ാം തിയ്യതിയിലെ അസാധാരണ ഗസറ്റ് വാല്യം 11 ൽ 3536ാം നമ്പർ 4(1) വിജ്ഞാപന പ്രകാരം പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി.

- ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കായി ആവശ്യമായി വരുന്ന ഏകദേശം 27.12 ആർ സ്ഥലത്താണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്.

- തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വ്യത്യസ്ത സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്നതും, നേമം അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി ആസുത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പദ്ധതി പ്രദേശത്തെ 5 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിരിക്കുന്ന 5 സബ്ഡിവിഷനുകളിലായി 5 കുടുംബങ്ങളിലെ 5 ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന ഏകദേശം 27.12 ആർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്.

➢ കമാൻഡിംഗ് ഓഫീസർ, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, വിഴിഞ്ഞം, തിരുവനന്തപുരം അർഥനാധികാരിയും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ഇന്റർ നാഷണൽ എയർപോർട്ട്, സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമാണ്.

➢ 2015 സെപ്തംമ്പർ 23 ാം തിയ്യതി കേരള സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളുടെ ഭാഗമായി ചട്ടങ്ങൾ രൂപീകരിക്കുകയും, സംസ്ഥാന നയം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി സുതാര്യതയും ന്യായമായ നഷ്ടപരിഹാരവും ഉറപ്പ് നൽകാൻ സംസ്ഥാന സർക്കാർ നടപടികൾ ആരംഭിച്ചു.

➢ ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാകുന്നതിലൂടെ താഴെ പറയുന്ന ഗുണങ്ങൾ അനുഭവവേദ്യമാകുന്നതാണ്.

  ★ ഭൂമിശാസ്ത്രപരവും, തന്ത്രപ്രധാനവുമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും ആവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടുന്നു.

  ★ കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ ആകാശ നിരീക്ഷണത്തിനും, തിരച്ചിലിനും, രക്ഷപ്പെടുത്തലുകൾക്കുമായി ആവശ്യമായ തീരസംരക്ഷണ വ്യോമയാന സൗകര്യങ്ങൾ തിരുവനന്തപുരത്ത് ലഭ്യമാകുന്നു.

  ★ ദേശീയ-അന്തർദേശീയ കപ്പൽ ഗതാഗതം നിരീക്ഷിക്കുന്നതിനും, മത്സ്യബന്ധന ത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്കും, പ്രകൃതി ദുരന്തങ്ങളോട് സമയബന്ധിതമായി പ്രതികരിക്കുന്നതിനും സാധിക്കുന്നു.

### 2.3 പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നേമം അസംബ്ലി നിയോജക മണ്ഡലത്തിലെ തിരുവനന്തപുരം കോർപ്പറേഷനിൽ ഉൾപ്പെടുന്നതും, തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

ഭൂമിശാസ്ത്രപരവും, തന്ത്രപ്രധാനവുമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തീരപ്രദേശങ്ങളുടെ സുരക്ഷ നിരീക്ഷണത്തിനും, സംരക്ഷണത്തിനും ആവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായതിനാൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി

അത്യന്താപേക്ഷിതമാണ്. കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ ആകാശ നിരീക്ഷണത്തിനും, തിരച്ചിലിനും, രക്ഷപ്പെടുത്തലുകൾക്കുമായി ആവശ്യമായ തീരസംരക്ഷണ വ്യോമയാന സൗകര്യങ്ങൾ തിരുവനന്തപുരത്ത് നിലവിലില്ലാത്തതിനാൽ ഇപ്പോഴും കൊച്ചിയെ ആശ്രയിച്ചാണ് ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് തിരുവനന്തപുരത്ത് ആരംഭിക്കുകയാണെങ്കിൽ ആവശ്യഘട്ടങ്ങളിലെല്ലാം തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും, ദേശീയ–അന്തർദേശീയ കപ്പൽ ഗതാഗതം നിരീക്ഷിക്കുന്നതിനും, മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്കും സാധിക്കുന്നതോടൊപ്പം പ്രകൃതി ദുരന്തങ്ങളോട് സമയബന്ധിതമായി പ്രതികരിക്കുന്നതിനും പ്രസ്തുത യൂണിറ്റിന് സാധിക്കുന്നതാണ്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് നിർദ്ദിഷ്ട പദ്ധതിയിലൂടെ സാധിക്കുമെന്നാണ് പൊതുജന അഭിപ്രായത്തിലൂടേയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെയും വെളിവാക്കപ്പെടുന്നത്. സ്വകാര്യ വ്യക്തികളുടെ ഭൂമിയേയും, നിർമ്മിതികളേയും പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ബാധിക്കുമെന്ന സാഹചര്യമുണ്ടെങ്കിലും, നിർദ്ദിഷ്ട നിർമ്മാണ പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും ആവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായതിനാലും, നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവർ ആയതിനാലും, പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ പ്രദേശം എന്നതിനാലും ബദൽ സാധ്യതകൾ യാതൊന്നും തന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ടതായി വരുന്നില്ല. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഭൂഉടമസ്ഥർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നതിനും സാധിക്കും.

നിർദ്ദിഷ്ട പദ്ധതി പ്രധാന വികസന ആവശ്യമായതിനാൽതന്നെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും നൽകുന്നതിന് ആഘാതബാധിതരായവർ തയ്യാറാണെന്നാണ് മനസ്സിലാക്കുന്നത്. മേൽ സൂചിപ്പിച്ച എല്ലാ വിലയിരുത്തലുകളും അനുസരിച്ച് പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്. സ്വകാര്യ ഭൂഉടമസ്ഥർക്ക് ഏറ്റവും പരിമിതമായ പ്രത്യാഘാതം വരുന്ന തരത്തിലാണ് ബന്ധപ്പെട്ട വകുപ്പുകൾ അലൈൻമെന്റ് തയ്യാറാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിരിക്കുന്നത്.

## 2.4 നിർമ്മാണ ഘട്ടങ്ങൾ

ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാകുന്ന മുറക്ക് ഏറ്റെടുത്ത ഭൂമി ഇന്ത്യൻ കോസ്റ്റ് ഗാർഡ്, വിഴിഞ്ഞം, തിരുവനന്തപുരം കൈമാറുകയും ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കാവുന്നതുമാണ്.

## 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രവർത്തികൾക്കായി ഏകദേശം 27.12 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. പദ്ധതി നിർവ്വഹണ ചുമതല വഹിക്കുന്ന ഇന്ത്യൻ കോസ്റ്റ് ഗാർഡ് സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായി വരുന്നതാണ്. നിർമ്മാണമികവിന്റെ ഭാഗമായി ആവശ്യമായി വരുന്ന നൂതന സാങ്കേതിക വിദ്യകൾ നിർമ്മാണം നടക്കുന്ന അവസരത്തിൽ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

## 2.6 അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത

ഇന്ത്യൻ കോസ്റ്റ് ഗാർഡ് തിരുവനന്തപുരം വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ടെർമിനലിനും, റൺവേക്കും സമീപം എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്നതിനായാണ് നിർദ്ദിഷ്ട പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ആയതിനാവശ്യമായ എല്ലാ അനുബന്ധമായ ഭൗതീക സൗകര്യങ്ങളും ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഒരുക്കേണ്ടതായി വരുന്നതാണ്.

## 2.7 തൊഴിലാളികളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വ്യത്യസ്ത വൈദഗ്ദ്യമുള്ള മനുഷ്യശേഷി നിർവ്വഹണ ഘട്ടത്തിൽ ഉറപ്പുവരുത്തേണ്ടതും, നിശ്ചിതസമയത്ത് തന്നെ പണികൾ പൂർത്തീകരിക്കേണ്ടതുമാണ്. വികസന പ്രവർത്തികൾ നടത്തുന്നതിനായി അത്യാധുനീകമായ ഉപകരണങ്ങളും, വൈദഗ്ദ്യമുള്ള എൻജിനീയർമാരും അത്യന്താപേക്ഷിതമാണ്. ആയതിനാൽ നിർമ്മാണം ആരംഭിച്ച് കഴിഞ്ഞാൽ താമസംവിനാ പദ്ധതി പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്.

## 2.8 മുമ്പ് നടത്തിയ പഠനങ്ങൾ

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേകമായ സാമൂഹ്യ പ്രത്യാഘാത പഠനങ്ങൾ ഒന്നും തന്നെ മുൻകാലങ്ങളിൽ നടത്തിയിട്ടില്ല. പ്ലാനറ്റ് കേരളയുടെ നേതൃത്വത്തിൽ നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് ഇത്തരത്തിലുള്ള ആദ്യ പഠനം.

## 2.9 ഉപയുക്തമായ നയങ്ങളും, നിയമങ്ങളും

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും, ചട്ടങ്ങളും ബാധകമാകുന്നതാണ്.

- 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം.
- കേരള സംസ്ഥാന സർക്കാർ 2015 ൽ പ്രാബല്യത്തിലാക്കിയ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളതിൽ കൂടുതൽ നഷ്ടപരിഹാരമോ, പുനരധിവാസ–പുനസ്ഥാപന ആനുകൂല്യങ്ങളോ നൽകാനുള്ള 23-09-2015ാം തിയ്യതിയിലെ ജി.ഒ.(എം.എസ്) നമ്പർ 485/2015/ ആർ.ഡി. അനുസരിച്ച് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നയരേഖ.
- 29-12-2017ാം തിയ്യതിയിലെ ജി.ഒ.(എം.എസ്) നമ്പർ 448/2017/ ആർ.ഡി. ഉത്തരവ് പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ പുനരധിവാസ–പുനസ്ഥാപന പാക്കേജ്.
- ഇന്ത്യൻ കോസ്റ്റ് ഗാർഡ് നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ
- 2005 ലെ വിവരാവകാശ നിയമം
- വൈകല്യങ്ങളുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച 2016 ലെ ആക്ട്.

**വിവരാവകാശ നിയമം 2005**

പൗരൻമാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രീയ കൂടുതൽ ശക്തവും ജനകേന്ദ്രീകൃതവും ആക്കുന്നതിനുവേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരൻമാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

**വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016**

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തീകമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിക്കുക എന്നത് ഒരു വശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകതയാണ്.

## അദ്ധ്യായം – 3

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും

### 3.1 പശ്ചാത്തലം

തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07-02-2017 ാം തിയ്യതിയിലെ K6-89903/16 നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലയിലും, തുടർന്ന് റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10-03-2020 ാം തിയ്യതിയിലെ GO(Rt) No. 982/2020/RD ാം നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാനത്തിലും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി പ്ലാനറ്റ് കേരളയെ അംഗീകരിക്കുകയും, 2022 ആഗസ്റ്റ് മാസം 26ാം തിയ്യതിയിലെ അസാധാരണ ഗസറ്റ് വാല്യം 11 ൽ 3536 വിജ്ഞാപന പ്രകാരം ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഫലമായി ഭൂമി, നിർമ്മിതികൾ, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, പൊതു–സ്വകാര്യ സ്വത്ത്വഹകൾ എന്നിവക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കി സമുചിത സർക്കാരിൽ സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പഠനപ്രക്രീയ നടത്തുന്നത്. ഈ പഠന പ്രക്രീയയുടെ ഭാഗമായി പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠന പ്രക്രീയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘ ചർച്ചകൾ സംഘടിപ്പിച്ച് വിവരങ്ങളും, അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും.

ഭൂമിയും വസ്തുവഹകളും ഏറ്റെടുക്കേണ്ടിവരികയും ആയത് ജനങ്ങളുടെ ഭൗതീകവും, സാമ്പത്തീകവുമായ സുസ്ഥിരതക്ക് ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മപദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിലോ കൂടുതൽ മെച്ചപ്പെട്ട തരത്തിലോ ആഘാതബാധിതരായ ജനങ്ങളുടെ ജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽക്കണ്ടാണ് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

(i) പദ്ധതിയുടെ സാമൂഹ്യ സാമ്പത്തീക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം

(ii) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തദ്ദേശസ്ഥാപന പ്രതിനിധികൾ, ആഘാതബാധിതർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയവിനിമയവും

(iii) 2013 ൽ നിലവിൽവന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും വായിച്ച് മനസ്സിലാക്കുക.

(iv) ഉത്തരവാദിത്വങ്ങൾ പങ്കുവെക്കലും ഏറ്റെടുക്കലും.

**മാതൃക 3.1 സാമൂഹ്യപ്രത്യാഘാത പഠന സമീപനവും രീതിശാസ്ത്രവും**

| | | |
|---|---|---|
| ഘട്ടം – I<br><br>പഠന മുന്നൊരുക്കങ്ങൾ | **അവലോകനം-പഠനം-ചർച്ചകൾ**<br>• റവന്യ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ച<br>• സംയുക്ത സ്ഥലപരിശോധന<br>• ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ പഠനം<br>• അനുബന്ധ നിയമങ്ങളുടെ പഠനം<br>• അനുബന്ധ രേഖകൾ കണ്ടെത്തൽ, പഠനം<br>• വാർഡ് കൗൺസിലർമാരുമായി ചർച്ച | **ഫീൽഡ്തല പ്രവർത്തനങ്ങൾ**<br>• ദ്വിതീയവിവര ശേഖരണം-വില്ലേജ് ഓഫീസ്<br>• ചോദ്യാവലി തയ്യാറാക്കൽ<br>• വിവരശേഖരണത്തിനുള്ള സംഘാങ്ങളെ നിജപ്പെടുത്തൽ<br>• സംഘാങ്ങൾക്കുള്ള പരിശീലനം |
| ഘട്ടം – II<br><br>സാമൂഹ്യ പ്രത്യാഘാത പഠനം | **ഫീൽഡ്തല സ്ഥിതിവിവര ശേഖരണം**<br>• ആഘാതബാധിതരുടെ സ്ഥിതിവിവര ശേഖരണം<br>• സാമൂഹ്യ-സാമ്പത്തീക വിവര ശേഖരണം<br>• നേരിട്ടുള്ള അഭിമുഖം<br>• പൊതുജനങ്ങളുമായുള്ള ആശയവിനിമയം<br>• കേന്ദ്രീകൃത സംഘ ചർച്ചകൾ<br>• വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ | **നടത്തിപ്പ് ക്രമീകരണങ്ങൾ**<br>• നിയമ-ചട്ട-മാർഗ്ഗനിർദ്ദേശങ്ങളുടെ അവലോകനം<br>• വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള പുനരധിവാസ കർമ്മപദ്ധതി തയ്യാറാക്കൽ ചർച്ചകൾ<br>• ഉള്ളടക്ക വിശകലനം<br>• ഫീൽഡ് പ്രവർത്തന ആസൂത്രണം, സ്ഥിതിവിവര ശേഖരണം, വിശകലനം<br>• സാമൂഹ്യ പ്രത്യാഘാത കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| ഘട്ടം – III<br><br>പഠനാനന്തരം | **വിവര വിശകലനവും റിപ്പോർട്ടും**<br>• സ്ഥിതിവിവര ക്രോഡീകരണം-വിശകലനം<br>• പട്ടിക തയ്യാറാക്കൽ<br>• പഠന റിപ്പോർട്ടിന്റെ അന്തിമരൂപരേഖ തയ്യാറാക്കൽ<br>• സ്ഥിതിവിവര ഫല വിശകലനം<br>• കേന്ദ്രീകൃത സംഘ ചർച്ചകൾ<br>• കരട് റിപ്പോർട്ട് സമർപ്പണവും പ്രസിദ്ധീകരണവും | **പഠന റിപ്പോർട്ടിൻമേലുള്ള ചർച്ചകൾ**<br>• കരട് പഠന റിപ്പോർട്ട് അവതരണം<br>• പ്രാദേശിക ഗവൺമെന്റ് പ്രതിനിധികളുമായുള്ള ചർച്ചകൾ<br>• ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ<br>• പബ്ലിക് ഹിയറിംഗ് സംഘാടനം<br>• അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വീകരിക്കൽ, പരിഗണിക്കൽ<br>• അന്തിമ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കൽ |

മാതൃക 3.1. സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തിനായി അവലംബിച്ച സമീപനങ്ങളും, രീതിശാസ്ത്രങ്ങളും, നടപടി ക്രമങ്ങളുമാണ് വിശദമായി ചുവടെ പ്രതിപാദിച്ചിരിക്കുന്നത്.

- ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവര ശേഖരണം
- അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠന വിധേയമാക്കൽ
- പദ്ധതി പ്രദേശ സന്ദർശനവും ജനപ്രതിനിധികളും, പൊതുജനങ്ങളുമായുള്ള ആശയവിനിമയവും
- ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, വസ്തുവഹകളുടെയും കണക്കെടുപ്പും, വിവരശേഖരണവും
- സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ വിശകലനം
- പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും
- പദ്ധതി പ്രദേശത്തെ പൊതു ജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും
- സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.
- പബ്ലിക് ഹിയറിംഗ്
- അന്തിമ റിപ്പോർട്ട് തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കൽ

## 3.3 ഡെസ്ക് റിസേർച്ച്

ഭൂമി ഏറ്റെടുക്കൽ നിയമവുമായി ബന്ധപ്പെട്ട ആവശ്യമായ രേഖകൾ പഠന സംഘം പരിശോധിച്ച് വിശകലനം ചെയ്യുകയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ടുള്ള ഇതര പഠന റിപ്പോർട്ടുകൾ പരാമർശിക്കുകയും പഠനവിഷയമാക്കുകയും ചെയ്തു.

## 3.4 സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം

പ്ലാനറ്റ് കേരളയുടെ എക്സിക്യൂട്ടീവ് ഡയക്ടറും, സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ യൂണിറ്റിന്റെ ചെയർമാനുമായ ശ്രീ. ആന്റണി കുന്നത്തിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘമാണ് നിർദ്ദിഷ്ട പദ്ധതി സംബന്ധിച്ച പഠനം നടത്തിയത്. സാമൂഹ്യ, വികസന രംഗങ്ങളിൽ പ്രവർത്തി പരിചയമുള്ളവരും, സാമൂഹ്യ – സാമ്പത്തീക സ്ഥിതിവിവര ശേഖരണത്തിൽ പ്രാവീണ്യമുള്ളവരുമായ എട്ട് അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പഠനസംഘമാണ് പ്രാദേശീകമായ തലത്തിൽ ഭൂഉടമസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചത്. ലഭ്യമായ സ്ഥിതിവിവരങ്ങൾ വിശകലനം ചെയ്യുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി വികസന രംഗത്ത് ഗവേഷണ പഠനങ്ങൾ നടത്തുന്ന വ്യക്തികളുടെ സേവനങ്ങളും ഈ പഠനത്തിനായി വിനിയോഗിച്ചു. ആവശ്യമായ സന്ദർഭങ്ങളിലെല്ലാം റവന്യൂ, ഇന്ത്യൻ കോസ്റ്റ് ഗാർഡ് തിരുവനന്തപുരം യൂണിറ്റ് ഉദ്യോഗസ്ഥരുടെ സേവനങ്ങൾ കൃത്യമായി ലഭിച്ചതിനാൽ പഠന പ്രക്രീയ തടസ്സമില്ലാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു. പഠനസംഘത്തിൽ ഉൾപ്പെട്ടവരുടെ പേരുവിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്:

| പട്ടിക **3.1** പഠന വിലയിരുത്തൽ സംഘം | | | |
|---|---|---|---|
| നമ്പർ | പേര് | വിദ്യാഭ്യാസവും സ്ഥാനപ്പേരും | പ്രവർത്തി പരിചയം |
| 1 | ആന്റണി കുന്നത്ത് | രാഷ്ട്രമീമാംസയിലും, സാമൂഹ്യശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം, കമ്യൂണിറ്റി ഡവലപ്മെന്റിൽ അന്താരാഷ്ട്ര ഡിപ്ലോമ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ചെയർമാൻ | വികസന രംഗത്ത് 27 വർഷത്തെ പരിചയം |
| 2 | ജയകുമാർ. എൽ | സാമൂഹ്യശാസ്ത്രത്തിൽ ബിരുദം<br>പഠന സംഘം ലീഡർ | വികസന രംഗത്ത് 26 വർഷത്തെ പരിചയം |
| 3 | അരവിന്ദ് എ.എം | ബിരുദാനന്തര ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 2 വർഷത്തെ പരിചയം |
| 4 | ആനി എസ് വിമൽ | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |
| 5 | സൗമ്യ എ | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |
| 6 | അഞ്ജലി എസ് സുരേഷ് | ബിരുദാനന്തര ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |
| 7 | രാധു ആർ. ബി | ബിരുദാനന്തര ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |
| 8 | ശ്രീദേവി ജെ.എസ് | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |

### 3.5 ദ്വിതീയ വിവര ശേഖരണം

സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീത വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ ആഘാതബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രഥമവിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പര പൂരകങ്ങളാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തീക, സാംസ്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

### 3.6 പദ്ധതിപ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും

വിശദമായ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തുന്നതിന് മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും, പ്രാരംഭമായി സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാ സ്ഥിതിവിവര ശേഖരണത്തിൽ ഏതാനും പേരിൽനിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടേയും, ആവശ്യകതയുടേയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണതോതിലുള്ള വിവരശേഖരണം നടത്തുകയും ചെയ്തു. പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രധാന പ്രവർത്തനങ്ങളാണ് പട്ടിക 3.2 ൽ വിവരിച്ചിരിക്കുന്നത്:

**പട്ടിക 3.2**

| നമ്പർ | തിയ്യതി | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | 28-10-2022 | ഡെപ്യൂട്ടി കളക്ടർ (എൽ.എ) ഓഫീസ്, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ഇന്റർ നാഷണൽ എയർപോർട്ട്, സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നും ആവശ്യമായ രേഖകളുടെ ശേഖരണം |
| 2 | 03-11-2022 | ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകനം |
| 3 | 10-11-2022 | പേട്ട വില്ലേജ് ഓഫീസ് സന്ദർശനം |
| 4 | 21-11-2022 | ഫീൽഡ് സന്ദർശനം, പദ്ധതി പ്രദേശത്തെ ജനങ്ങളുമായുള്ള കൂടിക്കാഴ്ചയും ചർച്ചകളും. |
| 5 | 23-11-2022 | ഫീൽഡ്തല പ്രവർത്തനങ്ങളുടെ സംഘാടനം |
| 6 | 29-11-2022 | ഫീൽഡ്തല സർവ്വേ ആരംഭം |
| 7 | 03-12-2022 | ആഘാത ബാധിതരായ വ്യക്തികളുമായുള്ള കൂടിക്കാഴ്ചയും ചർച്ചകളും |
| 8 | 29-12-2022 | ഫീൽഡ്തല സർവ്വേയുടെ ക്രോഡീകരണം |
| 9 | 13-02-2023 | കരട് റിപ്പോർട്ട് പ്രസിദ്ധീകരണം |
| 10 | 28-02-2023 | പബ്ലിക് ഹിയറിംഗ്: രാവിലെ 11 മണിക്ക് |
| 11 | | അന്തിമ റിപ്പോർട്ട് തയ്യാറാക്കൽ |
| 12 | | അന്തിമ റിപ്പോർട്ട് സമർപ്പണം |

പദ്ധതി പ്രദേശവും, ആഘാതബാധിതരായ വ്യക്തികളേയും, കുടുംബങ്ങളേയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2022 നവംബർ, ഡിസംബർ മാസങ്ങളിൽ പ്രാഥമീക വിവരങ്ങൾ ബന്ധപ്പെട്ടവരിൽനിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ 2022 ഡിസംബർ മാസത്തിൽ ക്രോഡീകരിക്കുകയും 2023 ഫെബ്രുവരി 13 ന് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് 2013 ലെ

ആക്ടിലും, ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്നതനുസരിച്ചുള്ള പബ്ലിക് ഹിയറിംഗ് 2023 ഫെബ്രുവരി മാസം 13ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് ദീപാഞ്ജലി, റ്റി.സി. 87/812 വസതിയിൽ വെച്ച് കോവിഡ് 19 രോഗവ്യാപനം തടയുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തി.

### 3.7 സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം

പ്രാദേശികതലത്തിൽ സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം നടത്തുന്നതിനായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, സ്ഥാപനങ്ങളുടേയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ തണ്ടപ്പേർ നമ്പർ, സർവ്വേ നമ്പർ, ഭൂവിസ്തൃതി എന്നിങ്ങനെയുള്ള വിവരങ്ങളിൽ ലഭ്യമായവ ശേഖരിക്കുകയും പ്രാദേശിക തലത്തിൽ  സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിക്കുകയും ചെയ്തു, (ചോദ്യാവലി അനുബന്ധം 2 ഉള്ളടക്കം ചെയ്തിരിക്കുന്നു) ആഘാതബാധിതരായ വ്യക്തികളെ നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

ആഘാതബാധിതരായ വ്യക്തികളെ സംബന്ധിച്ച വിവരങ്ങളായ ഭൂമിയുടെ തരം, നിർമ്മിതിയുടെ തരം, സാമൂഹ്യ സ്ഥിതി മനസ്സിലാക്കുന്നതിനായി കുടുംബത്തിന്റെ വ്യക്തിവിവരങ്ങൾ, ഉടമസ്ഥനോ, വാടകക്കാരനോ എന്ന് തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പുകൾ, തൊഴിൽ, വരുമാനം, ചെലവ്, വീട്ടിലെ മുതലുകൾ, വാണിജ്യ, വ്യവസായ, സ്വയംതൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച വിവിരങ്ങൾ എന്നിങ്ങനെ നിരവധിയായ വിവരങ്ങൾ ചോദ്യാവലിയുടെ സഹായത്തോടെ ശേഖരിക്കുകയും അവരുടെ മുഖ്യമായ നിർദ്ദേശങ്ങൾ പ്രത്യേകമായി ചോദ്യാവലിയുടെ അനുബന്ധമായി രേഖപ്പെടുത്തുകയും ചെയ്തു. ചോദ്യാവലി പൂരിപ്പിക്കുന്നതിന് മുന്നോടിയായി ഉടമസ്ഥനെ തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പ്, നികുതിശീട്ട്, ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ് എന്നിങ്ങനെയുള്ള രേഖകളിൽ ലഭ്യമായവയുടെ പകർപ്പ് കാണുകയും ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

### 3.8 സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും

വിശകലനത്തിനും, വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കാതിരുന്ന വിവരങ്ങളിൽ ലഭ്യമായവ സമയാസമയങ്ങളിൽ ശേഖരിച്ച് സ്ഥിതിവിവരങ്ങൾ പരിഷ്കരിക്കുകയും ചെയ്തു. സ്ഥിതിവിവരങ്ങളിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻ കരുതലുകൾ സംഘാംഗങ്ങൾ എടുത്തിരുന്നു.

### 3.9 സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും

ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് അന്തിമമായ അനുമാനങ്ങളിൽ എത്തിച്ചേരുകയും അവ സാമൂഹ്യ പ്രത്യാഘാത വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തു.

### 3.10 പൊതുസമൂഹവുമായുള്ള പര്യാലോചന/പബ്ലിക് ഹിയറിംഗ്

നിർദ്ദിഷ്ട വികസന പദ്ധതിയെക്കുറിച്ചും ആയതിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ചും ആഘാതബാധിതരും, പൊതുസമൂഹവുമായും പര്യാലോചനകൾ നടത്തുന്നതിനായി അഭിമുഖങ്ങളും ചർച്ചകളും നടത്തുകയും ജനാഭിപ്രായവും, ആഘാതബാധിതരുടെ ആവശ്യങ്ങളും, പ്രതീക്ഷിക്കുന്ന നഷ്ടപരിഹാരവും മനസ്സിലാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ കാഴ്ചപ്പാടുകളും ആവശ്യങ്ങളും, പ്രത്യാഘാതത്തിന്റെ തോത് കുറക്കുന്നതിനുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013 ലെ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള ഹിയറിംഗ് 2023 ഫെബ്രുവരി മാസം 13ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് ദീപാഞ്ജലി, റ്റി.സി. 87/812 വസതിയിൽവെച്ച് കോവിഡ് 19 രോഗവ്യാപനം തടയുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തുകയും നിർദ്ദിഷ്ട പദ്ധതിയെ സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽനിന്ന് ലഭിച്ച വിവരങ്ങളും, അറിവുകളും ആഘാതബാധിതരുമായി പങ്കുവെക്കുകയും, കരട് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ, നഷ്ടപരിഹാരം, വരുമാനവും, ഉപജീവന സാധ്യതകളും വീണ്ടെടുക്കൽ, തൊഴിൽ വർദ്ധനവ്, വിവരങ്ങളുടെ ലഭ്യത, തർക്കപരിഹാരങ്ങൾ, സുരക്ഷ, ഭരണാധികാരികളുടെ പങ്ക് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ആവശ്യമായ ദിശാബോധം ജനങ്ങൾക്ക് നൽകുന്നതിന് സാധിക്കുകയും ചെയ്തു. ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രധാനമായും താഴെ പറയുന്ന മാർഗ്ഗങ്ങളാണ് അവലംബിച്ചത്

1) അനൗപചാരിക വ്യക്തിഗത കൂടിയാലോചനകൾ
2) കേന്ദ്രീകൃത സംഘ ചർച്ചകൾ
3) വ്യക്തി കേന്ദ്രീകൃത ചർച്ചകൾ
4) പ്രധാന വിവരദാതാക്കളുമായുള്ള അഭിമുഖങ്ങളും, ചർച്ചകളും
5) പബ്ലിക് ഹിയറിംഗ്

**പബ്ലിക് ഹിയറിംഗ്:** 2013 ലെ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള പബ്ലിക് ഹിയറിംഗ് കോവിഡ് 19 രോഗവ്യാപനം തടയുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് 2023 ഫെബ്രുവരി മാസം 13ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 11 ദീപാഞ്ജലി, റ്റി.സി. 87/812 വസതിയിൽ വെച്ച് നടത്താൻ തീരുമാനിച്ചു.

### 3.11 പഠനത്തിന്റെ പരിമിതികൾ

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും ആഘാതബാധിതരായ ജനവിഭാഗത്തിന് നീതിപൂർവ്വമായ സുതാര്യത ഉറപ്പാക്കുന്നതാണ്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തിയ അവസരത്തിൽ അഭിമുഖീകരിച്ച പ്രധാന പരിമിതികൾ താഴെപറയുന്നവയാണ്.

1) നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി കമാൻഡിംഗ് ഓഫീസർ, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, വിഴിഞ്ഞം, തിരുവനന്തപുരം അർഥന നടത്തിയിരുന്നെങ്കിലും, പല

കാരണങ്ങളാൽ ഭൂമി ഏറ്റെടുപ്പ് നടപടികൾ നീണ്ടുപോയതിനാൽ പദ്ധതിയെ സംബന്ധിച്ച് ഭൂഉടമസ്ഥർ ആശങ്കയുള്ളവരാണ്.

2) നിർദ്ദിഷ്ട പദ്ധതിപ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ള വിവരം ഭൂഉടമസ്ഥർക്ക് അറിവുണ്ടായിരുന്നില്ല. ആയതിനാൽതന്നെ പഠനമെങ്ങനെ ആയിരിക്കും, പഠനപ്രക്രീയ മൂലം ഭൂമിഏറ്റെടുക്കൽ വീണ്ടും വൈകുമോ മുതലായ ആശങ്കകൾ ജനങ്ങൾക്കുണ്ടായിരുന്നു.

3) ആഘാതബാധിത പട്ടികയിലുള്ള ആളുകളെയോ അവരുടെ പ്രതിനിധികളെയോ കണ്ടെത്തി വിവരശേഖരണം നടത്തുന്നതിനായി നിരവധി തവണ വീടുകളിൽ/ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തേണ്ടതായി വന്നു. ഭൂഉടമസ്ഥരിൽ ഏതാനും പേർ പദ്ധതി പ്രദേശത്തിന് വെളിയിലോ, സിറ്റിയിലോ, മറ്റ് സ്ഥലങ്ങളിലോ ജോലി ചെയ്യുന്നവരോ, താമസിക്കുന്നവരോ ആയതിനാൽ അവരിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് നിരവധി തവണ ബന്ധപ്പെടേണ്ടതായി വന്നു.

## അദ്ധ്യായം – 4

## ഭൂനിർണ്ണയം

### ആമുഖം

ആഘാത ബാധിതമായ മുഴുവൻ വ്യക്തികളുടേയും, കുടുംബങ്ങളുടേയും സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2022 ഡിസംബർ മാസം പൂർത്തീകരിക്കുകയും, ആഘാത ബാധിതമായ വസ്തുവഹകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ വരുമാനവും, ജീവനോപാധികളും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭ്യമാക്കുന്നതിന് സാമൂഹ്യ–സാമ്പത്തീക സ്ഥിതിവിവരണ കണക്കെടുപ്പ് സഹായകരമായി. പഠന വിശകലനങ്ങളുടെ വെളിച്ചത്തിൽ എത്തിച്ചേർന്ന പ്രധാന കണ്ടെത്തലുകൾ ആണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്.

### 4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതത്തിന്റെ വിവരങ്ങളാണ് പട്ടിക 4.1 ൽ സൂചിപ്പിച്ചിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വ്യത്യസ്ത സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്നതും, നേമം അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പദ്ധതി പ്രദേശത്തെ 5 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിരിക്കുന്ന 5 സബ്ഡിവിഷനുകളിലായി 5 കുടുംബങ്ങളിലെ 5 ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന ഏകദേശം 27.12 ആർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. ആയതിനാൽ ആഘാതബാധിതരായി കണക്കാക്കുന്ന 5 കുടുംബങ്ങളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്. ആഘാത ബാധിതരാകുന്ന ഭൂഉടമസ്ഥരുടെ പട്ടിക അനുബന്ധം 03 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയ 5 വ്യക്തികൾ/കുടുംബങ്ങൾ/സ്ഥാപനങ്ങൾ എന്നിവയിലായി ആകെ 14 ജനസംഖ്യയാണ് ഉള്ളത്. ആകെയുള്ള 5 ഭൂവസ്തുക്കളിലെ ഭൂമിയും, നിർമ്മിതികളും, വ്യത്യസ്ത ഇനങ്ങളിൽപ്പെട്ട 10 മരങ്ങളും ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയിൽ ഉൾപ്പെടുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നതായി കണക്കാക്കുന്നു. ആഘാത ബാധിത സ്ഥലത്തിന്റെ വിവരങ്ങൾ പട്ടിക 4.1 ൽ ചേർത്തിരിക്കുന്നു.

ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ സ്കൂളുകൾ, പരിശീലന കേന്ദ്രങ്ങൾ, അംഗനവാടികൾ, കുട്ടികൾക്കുള്ള പാർക്കുകൾ, ശ്മശാനങ്ങൾ, പരമ്പരാഗത ആദിവാസി സ്ഥാപനങ്ങൾക്കുള്ള സ്ഥലങ്ങൾ, കുടിവെള്ള ഉറവകൾ, ഭക്ഷ്യധാന്യങ്ങളുടെ സംഭരണശാലകൾ എന്നിവയെയൊന്നും ബാധിക്കാത്തതുമാകുന്നു.

| പട്ടിക 4.1 ആഘാത ബാധിത സ്ഥലത്തിൻറെ വിവരങ്ങൾ | |
|---|---|
| ഏറ്റെടുക്കേണ്ട ഭൂമി (ആർ) | |
| 4(1) വിജ്ഞാപന പ്രകാരം ഏറ്റെടുക്കേണ്ട ഭൂമി (ആർ) | 27.12 |
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ആർ) | 27.12 |
| **ആകെ (ഹെക്ടർ)** | **27.12** |

## 4.2 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വ്യത്യസ്ത സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്നതും, നേമം അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി ആസുത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പദ്ധതി പ്രദേശത്തെ 5 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിരിക്കുന്ന 5 സബ്ഡിവിഷനുകളിലായി 5 കുടുംബങ്ങളിലെ 5 ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന ഏകദേശം 27.12 ആർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. ഇത്തരത്തിൽ ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി സ്വകാര്യ ഉടമസ്ഥരുടെ കൈവശമുള്ളതും, ഏതാനും നിർമ്മിതികളോട് കൂടിയതും, വ്യത്യസ്ത ഇനങ്ങളിൽപ്പെട്ട 10 മരങ്ങളും ഉൾപ്പെടുന്നതായാണ് ഫീൽഡ് തലത്തിൽ പഠനം നടത്തിയ അവസരത്തിൽ കണ്ടെത്തിയത്. ഇവക്കെല്ലാം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകേണ്ടതായി വരുന്നതാണ്.

| പട്ടിക 4.5 ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരങ്ങൾ | | | | |
|---|---|---|---|---|
| ഉടമസ്ഥത | സർവ്വേ നമ്പർ എണ്ണം | ഉടമസ്ഥർ എണ്ണം | കുടും ബങ്ങൾ എണ്ണം | ഏറ്റെടുക്കേണ്ട ഭൂമി (ആർ) |
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ആർ) | 5 | 5 | 5 | 27.12 |
| പൊതു ഉടമസ്ഥതയിലുള്ള ഭൂമി (ആർ) | 0 | 0 | 0 | 0.00 |
| **ആകെ** | **5** | **5** | **5** | **27.12** |

പട്ടിക 4.5 സൂചിപ്പിച്ച പ്രകാരം ആകെ ഏറ്റെടുക്കേണ്ട ഭൂവസ്തുക്കൾ 5 കുടുംബങ്ങളുടെ സ്വകാര്യ ഉടമസ്ഥതയിലുള്ളതാണ്.

## 4.3 പൊതു സ്ഥലത്തിന്റെ ഉപയോഗം

ആകെ ഏറ്റെടുക്കേണ്ട ഭൂമി 5 കുടുംബങ്ങളിലെ 5 സ്വകാര്യ ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന 5 സർവ്വേ നമ്പറുകളിലെ 5 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന ഏകദേശം 27.12 ആർ ഭൂമിയാണ്. ഇവയെല്ലാം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാവുന്നതുമാണ്. ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ പൊതുസ്ഥലം, പുറമ്പോക്ക് സ്കൂളുകൾ, പരിശീലന കേന്ദ്രങ്ങൾ, അംഗനവാടികൾ, കുട്ടികൾക്കുള്ള പാർക്കുകൾ, ശ്മശാനങ്ങൾ, പരമ്പരാഗത ആദിവാസി സ്ഥാപനങ്ങൾക്കുള്ള സ്ഥലങ്ങൾ, കുടിവെള്ള ഉറവകൾ, ഭക്ഷ്യധാന്യങ്ങളുടെ സംഭരണശാലകൾ എന്നിവയൊന്നും ഇല്ലാത്തതുമാകുന്നു.

## അദ്ധ്യായം – 5

## മൂല്യനിർണ്ണയം

**ആമുഖം**

ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഭാഗമായി പ്രത്യക്ഷമായും, പരോക്ഷമായും ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളുടെ തോത് സംബന്ധിച്ച വിവരങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

### 5.1 പ്രത്യക്ഷമായി ബാധിക്കുന്നത്

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമിയിലെ വസ്തുവഹകളെ പ്രത്യക്ഷമായി ബാധിക്കുന്നതാണ്.

### 5.2 പരോക്ഷമായും ബാധിക്കുന്ന കുടുംബങ്ങൾ

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആയതിന്റെ പ്രത്യാഘാതം പരോക്ഷമായി ബാധിക്കുന്നവരെയാണ് ഈ ഗണത്തിൽപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രധാനമായും വ്യത്യസ്ത ആവശ്യങ്ങൾക്കായി ഈ പ്രദേശത്ത് സഞ്ചരിക്കുന്നവരും, ഈ പ്രദേശത്ത് താമസിക്കുന്നവരും ഉൾപ്പെടെയുള്ളവരാണ്.

### 5.3 ഉൽപ്പാദനക്ഷമമായ ആസ്തികൾ

പദ്ധതി പ്രദേശത്തെ 5 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിരിക്കുന്ന 5 സബ്ഡിവിഷനുകളിലായി 5 കുടുംബങ്ങളിലെ 5 ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന ഏകദേശം 27.12 ആർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കാലങ്ങളായി ഭൂമി കൈവശം വെച്ച് കൃഷിയും മറ്റ് അനുബന്ധ തൊഴിലുകളും ചെയ്ത് ഉപജീവനം നടത്തുന്നവരാണ് ആഘാത ബാധിതരായവരിൽ ഭൂരിഭാഗം ജനങ്ങളും. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂഉടമസ്ഥരുടെ കൃഷികൾ, നിർമ്മിതികൾ എന്നിവയെ ബാധിക്കുന്നതാണ്. ആയതിനാൽ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം ഭൂഉടമസ്ഥർക്ക് നൽകി ഭൂമി ഏറ്റെടുക്കാവുന്നതാണ്.

## അദ്ധ്യായം – 6

## സാമൂഹ്യ സാമ്പത്തീക അവസ്ഥ

**ആമുഖം**

ആഘാതബാധിതരായ കുടുംബങ്ങളുടെ സാമൂഹ്യ–സാമ്പത്തീക–സാംസ്കാരിക സ്ഥിതിവിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഫീൽഡ് തലത്തിൽ നടത്തിയ സ്ഥിതിവിവര ശേഖരണത്തിന്റെ ഭാഗമായി ജനസംഖ്യാ കണക്ക്, സാമ്പത്തീക സ്ഥിതി, ക്ലേശസാഹചര്യങ്ങൾ, സാമൂഹ്യ സാമ്പത്തീക പ്രവർത്തനങ്ങൾ, ജീവനോപാധികളുടെ നഷ്ടം, സാമൂഹ്യ ചുറ്റുപാടുകൾ എന്നിങ്ങനെ നിരവധി അവശ്യവിവരങ്ങളാണ് ആഘാതബാധിതരായ വ്യക്തികളിൽനിന്നും, കുടുംബങ്ങളിൽ നിന്നും ശേഖരിച്ച് വിശകലനം നടത്തിയത്.

**6.1 ജനസംഖ്യ വിവരങ്ങൾ**

**6.2 വരുമാനവും, സാമ്പത്തീകാവസ്ഥയും**

**6.3 ദുർബല വിഭാഗങ്ങൾ**

**6.4 ഭൂവിനിയോഗവും ഉപജീവനവും**

## അദ്ധ്യായം – 7

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ

### 7.1 രൂപരേഖയും, സമീപനങ്ങളും

വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന അവസരത്തിൽ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്ത് പഠിക്കേണ്ടത് അനിവാര്യമാണ്. സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയുന്നതിനും, ആഘാതത്തിന്റെ തോത് കുറക്കുന്നതിനോ, ഇല്ലായ്മ ചെയ്യുന്നതിനോ ആവശ്യമായ സമീപന രീതികൾ കൈക്കൊള്ളുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സഹായകരമായി തീരുന്നു. തീരുമാനമെടുക്കൽ പ്രക്രിയക്ക് സഹായകരമായ വിവരങ്ങളും, വസ്തുതകളും ലഭിക്കുന്നതിനാൽ തീരുമാനമെടുക്കൽ പ്രക്രിയ സുഗമമാവുകയും, ആഘാതത്തിന്റെ തോത് പരമാവധി കുറക്കുന്നതിന് കാരണമായി തീരുകയും ചെയ്യുന്നു. നിർദ്ദിഷ്ട പഠനത്തിനായി ചിട്ടപ്പെടുത്തിയ രീതിയിൽ വിവരങ്ങൾ ശേഖരിക്കുകയും, ക്രോഡീകരിക്കുകയും, റിപ്പോർട്ട് തയ്യാറാക്കുകയുമാണ് ചെയ്തത്.

### 7.2 പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം

സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ ഭാഗമായി ശേഖരിച്ച പ്രാഥമിക, ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ വിശകലനങ്ങളുടെ വെളിച്ചത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന ആഘാതങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്.

**പട്ടിക 7.1 വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം**

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിന് മുമ്പ് | ◆ അലൈൻമെന്റിനനുസൃതമായി ഭൂമി അളന്ന് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ<br>◆ ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള നിർമ്മിതികളുടെ വില നിശ്ചയിച്ച് പൊളിച്ച് നീക്കൽ<br>◆ കാർഷിക വിളകളുടെ നഷ്ടം<br>◆ തൊഴിലാളികൾ, പരിസരത്ത് താമസിക്കുന്നവർ, യാത്രക്കാർ, എന്നിവരുടെ അപകട സാധ്യതകളും, സുരക്ഷയും. |

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 2 | നിർമ്മാണ ഘട്ടം | ◆ നിർമ്മാണ ഘട്ടത്തിലെ തൊഴിൽ ലഭ്യത<br>◆ പുറമേനിന്നുള്ള തൊഴിലാളികൾ വികസന പ്രവർത്തികൾക്കായി വരുന്നതിലൂടെ തദ്ദേശിയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം, പകർച്ചവ്യാധികൾ എന്നീ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു.<br>◆ നിർമ്മിതികൾ പൊളിക്കുന്ന അവസരത്തിലും, നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോഴും പൊടി മുതലായ മാലിന്യങ്ങൾ ഉണ്ടാകുന്നതും, ശബ്ദമലിനീകരണവും.<br>◆ തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്നവരുടേയും, സഞ്ചാരികളൂടേയും അപകട സാധ്യതകളും, സുരക്ഷയും.<br>◆ നിർമ്മാണ ഘട്ടത്തിൽ ഗതാഗം തടസ്സപ്പെടുമെന്ന ജനങ്ങളുടെ ആശങ്ക.<br>◆ വൈദ്യുതി കാലുകൾ പുനക്രമീകരിച്ച് സ്ഥാപിക്കുമ്പോൾ ഉണ്ടാകാവുന്ന വൈദ്യുതി തടസ്സങ്ങൾ |
| 3 | പ്രവർത്തന ഘട്ടം | ◆ തീരപ്രദേശങ്ങളുടെ  സുരക്ഷ നിരീക്ഷണത്തിനും, സംരക്ഷണത്തിനും ആവശ്യമായ ആധുനീക സംവിധാനങ്ങൾ ഒരുക്കപ്പെടുന്നു.<br>◆ തീരപ്രദേശങ്ങളുടെ  സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും, ദേശീയ–അന്തർദേശീയ കപ്പൽ ഗതാഗതം നിരീക്ഷിക്കുന്നതിനും, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്കും സാധിക്കുന്നു.<br>◆ പ്രകൃതി ദുരന്തങ്ങളോട് സമയബന്ധിതമായി പ്രതികരിക്കുന്നതിന് സാധിക്കുന്നു |

**ആഘാതബാധിതരുടെ തരം**

1) **പ്രാഥമീക ആഘാതബാധിതർ:–** ഭൂഉടമസ്ഥർ, നിർമ്മിതികളുടെ ഉടമസ്ഥർ, ഉപജീവനത്തിനായി കച്ചവടം, മൃഗസംരക്ഷണം മുതലായ തൊഴിലുകൾ സ്വന്തമായി ചെയ്യുന്നവർ.

2) **ദ്വിതീയ ആഘാതബാധിതർ:–** ആഘാതബാധിതമായ സ്ഥലത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും, സ്ഥാപനങ്ങളും, നെയ്ത്ശാല, കച്ചവട സ്ഥാപനങ്ങൾ മുതലായവയിൽ തൊഴിൽ ചെയ്യുന്നവർ, കൃഷിഭൂമിയിൽ പാട്ടത്തിന് കൃഷി ചെയ്യുന്നവർ എന്നിവർ ഉൾപ്പെടുന്നു.

## 7.3 വ്യത്യസ്ത സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനവും പരിഹാര നടപടികളും

ഫീൽഡ് തലത്തിൽ നടത്തിയ പ്രാഥമീക സ്ഥിതിവിവര ശേഖരണത്തിന്റേയും, കേന്ദ്രീകൃത സംഘ ചർച്ചകളുടേയും, ശേഖരിച്ച ദ്വിതീയ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ നടത്തിയ വിശകലനത്തിൽ നിന്നും കണ്ടെത്തിയ സാമൂഹ്യ പ്രത്യാഘാതങ്ങളും അവയെ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്.

**പട്ടിക 7.2 സാമൂഹ്യ പ്രത്യാഘാതങ്ങളും, ലഘൂകരണ മാർഗ്ഗങ്ങളും**

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 5 കുടുംബങ്ങളുടെ 5 സബ്ഡിവിഷനുകളിലുള്ള ഭൂമി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 2 | ഭൂമിയും നിർമ്മിതിയും നഷ്ടപ്പെടുന്നത് | 5 കുടുംബങ്ങളുടെ 5 സബ്ഡിവിഷനുകളിലായി നിലവിലുള്ള നിർമ്മിതികളെ പ്രത്യക്ഷമായോ, പരോക്ഷമായോ ബാധിക്കുന്നു | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 3 | ഉൽപ്പാദനക്ഷമമായ ആസ്ഥികൾ നഷ്ടപ്പെടുന്നത് | പട്ടിക 5.4 പ്രകാരം 9 വ്യത്യസ്ത ഇനങ്ങളിലുള്ള 10 മരങ്ങൾ നഷ്ടമാകുന്നു | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 4 | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 5 | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 6 | പൊതുമുതലുകൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളും, സാധാരണ വസ്തുവഹകളും നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 10 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

- പ്രാഥമീക ആഘാതബാധിതരുടെ പ്രധാന ആവശ്യം ഇനിയും കാലതാമസമില്ലാതെ എത്രയും പെട്ടന്ന് നിർദ്ദിഷ്ട അളവിൽ ഭൂമി ഏറ്റെടുത്ത് പര്യാപ്തമായ നഷ്ടപരിഹാര തുക കാലവിളംബം കൂടാതെ നൽകണമെന്നാണ്.

**പട്ടിക 7.3 ഏറ്റെടുക്കേണ്ട ഭൂമിയിലെ വസ്തുവഹകൾ സംബന്ധിച്ച വിവരങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്കായി പദ്ധതി പ്രദേശത്തെ 5 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിരിക്കുന്ന 5 സബ്ഡിവിഷനുകളിലായി 5 കുടുംബങ്ങളിലെ 5 ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന ഏകദേശം 27.12 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. പ്രസ്തുത ഭൂമിയിലെ കൃഷികൾ, കെട്ടിടങ്ങൾ, മുതലായവക്ക് നഷ്ടപരിഹാര നടപടികൾ സ്വീകരിക്കേണ്ടി വരുന്നതാണ്. ഭൂഉടമസ്ഥർക്ക് നഷ്ടമാകാവുന്ന വസ്തുവഹകളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ പട്ടിക 4.1, പട്ടിക 5.4 എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്.

### 7.4 പദ്ധതി പ്രസ്താവനയിലെ ലഘൂകരണ നടപടികൾ

പദ്ധതിക്കായി സമർപ്പിച്ച പ്രോജക്റ്റ് പ്രപ്പോസലിൽ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങളോ, മറ്റ് സമാശ്വാസ നടപടികളെയോ സംബന്ധിച്ചുള്ള പ്രസ്താവനകൾ ഉള്ളതായി കാണുന്നില്ല. ഇതെല്ലാം സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കുന്ന അവസരത്തിൽ പരിഗണിക്കാവുന്നതാണ്.

### 7.5 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ, ഒഴിവാക്കൽ നടപടികളും നഷ്ടപരിഹാരവും

- ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടമാകുന്ന വീട്, കെട്ടിടങ്ങൾ, അതിർത്തി മതിൽ, ഗേറ്റ്, മരങ്ങൾ എന്നിവക്കെല്ലാം അർഹമായ നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ഭൂമി ഏറ്റെടുത്തുകഴിയുമ്പോൾ ഉപയോഗ യോഗ്യമല്ലാതെ ബാക്കിയായി വരുന്ന തുണ്ടുഭൂമികൾകൂടി ഏറ്റെടുത്ത് വിലനൽകേണ്ടതാണ്. ബഫർസോണിൽ എന്തെല്ലാം പ്രവർത്തികൾ അനുവദനീയമാണെന്ന് വ്യക്തത വരുത്തി നൽകണം.

- ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച് അറിയിപ്പുകൾ ലഭിക്കാത്തതിനാലും, നടപടികൾ എപ്പോൾ പൂർത്തിയാകും എന്നറിയാത്തതിനാലും, നടപടിക്രമങ്ങൾ വൈകുന്നതുമൂലവും ആഘാത ബാധിതരായവർ ആശങ്കയിലാണ്. ആയതിനാൽ അർഹമായ നഷ്ടപരിഹാരം നൽകി താമസംവിനാ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

- പരമാവധി വേഗത്തിലും, കാലതാമസം കൂടാതെയും ഏറ്റെടുക്കേണ്ട ഭൂമിയും അവയിലുള്ള കൃഷികളും മുഴുവനായും ഏറ്റെടുക്കുകയും, അർഹമായ നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് ആഘാതബാധിതരുമായുള്ള കൂടിക്കാഴ്ചകളിൽ നിന്നും പഠന സംഘാംങ്ങൾക്ക് ബോധ്യപ്പെട്ടത്.

- ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ മുതലായ നടക്കുന്ന അവസരത്തിൽ പുറമേനിന്നുള്ള തൊഴിലാളികൾ സ്ഥിരമായി ഈ പ്രദേശത്ത് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആരോഗ്യം, മാലിന്യം, ശുചിത്വം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളും, സംഘടനകളും പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ എന്നിവ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങളുടേയും, സഞ്ചാരികളുടേയും, തൊഴിലാളികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കോള്ളേണ്ടതാണ്.

- നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തികൾ നടക്കുന്ന അവസരത്തിൽ സഞ്ചാര തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ അധികാരികൾ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതാണെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുന്നു.

- നിർദ്ദിഷ്ട പദ്ധതി പ്രദേശത്തുള്ള വൈദ്യുതി ലൈൻ ട്രാൻസ്ഫോർമർ മറ്റ് അനുബന്ധ സാധനസാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിക്കേണ്ടി വരുന്നതും ആയതിനാവശ്യമായ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പുനർക്രമീകരിക്കേണ്ടതുമാണ്.

**നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള അവബോധവും, ആഘാതബാധിതരുടെ അഭിപ്രായങ്ങളും**

നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള സാമാന്യ അറിവ് ഇതിനോടകം തന്നെ പൊതുജനത്തിന് പ്രത്യേകിച്ചും ആഘാത ബാധിതരായവർക്ക് ഉണ്ട്. ഇത് പ്രധാനമായും ഇന്ത്യൻ കോസ്റ്റ് ഗാർഡ്, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനം, ജനപ്രതിനിധികളുടെ പൊതുജനങ്ങളുമായുള്ള ആശയവിനിമയം എന്നിവയിലൂടെ ലഭിച്ചതാണ്. കൂടാതെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ

പഠനത്തിന്റെ ഭാഗമായി ടീം അംഗങ്ങൾ ജനങ്ങൾക്ക് ആവശ്യമായ അറിവ് നൽകുകയും അവരുടെ സഹകരണം പരമാവധി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്ന അവസരത്തിൽ പ്രദേശവാസികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നു. കൂടാതെ പുറമേനിന്നുള്ള തൊഴിലാളികൾ, പ്രത്യേകിച്ചും അന്യ സംസ്ഥാന തൊഴിലാളികളുടെ വരവ് മാലിന്യ, ശുചിത്വ, ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും ഇവർ കരുതുന്നു. ഇതിനാവശ്യമായ എല്ലാ മുൻകരുതലുകളും അധികൃതർ കൈക്കൊള്ളണമെന്നാണ് ഇവരുടെ ആവശ്യം.

| പട്ടിക 7.4 പദ്ധതി ഗുണങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ | | | |
|---|---|---|---|
| **ഗുണങ്ങൾ** | **അതെ(%)** | **അല്ല (%)** | **അഭിപ്രായമില്ല (%)** |
| സമീപത്തെ ഭൂമിവില വർദ്ധിക്കുന്നു | 80 | 0 | 20 |
| സാമ്പത്തീക പ്രവർത്തനങ്ങൾ മെച്ചപ്പെടുന്നു | 86 | 0 | 14 |

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പദ്ധതി ഗുണങ്ങളെ സംബന്ധിച്ച് വ്യത്യസ്ത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആഘാതബാധിതരായവരുമായി ചർച്ച നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഉരിത്തിരിഞ്ഞ അഭിപ്രായങ്ങളാണ് മുകളിൽ വിവരിച്ചിരിക്കുന്നത്.

| പട്ടിക 7.5 പദ്ധതി ദോഷങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ | | | |
|---|---|---|---|
| **ദോഷങ്ങൾ** | **അതെ(%)** | **അല്ല (%)** | **അഭിപ്രായമില്ല (%)** |
| ഭൂമി/കൃഷി നഷ്ടപ്പെടുന്നു | 100 | 0 | 0 |
| ഭൂമിയും നിർമ്മിതികളും നഷ്ടപ്പെടുന്നു | 47 | 53 | 0 |
| പുറമേനിന്നുള്ളവരുടെ കടന്ന് വരവ് | 18 | 51 | 31 |
| പുറമേനിന്നുള്ളവരുമായി തർക്കങ്ങൾ | 11 | 26 | 63 |
| തൊഴിൽ നഷ്ടം | 22 | 37 | 41 |

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പദ്ധതി ദോഷങ്ങളെ സംബന്ധിച്ച് വ്യത്യസ്ത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആഘാതബാധിതരായവരുമായി ചർച്ച നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഉരിത്തിരിഞ്ഞ അഭിപ്രായങ്ങളാണ് മുകളിൽ വിവരിച്ചിരിക്കുന്നത്.

| പട്ടിക 7.6 പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ ഗാർഹീകം–ഉടമസ്ഥൻ | | |
|---|---|---|
| **പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ** | **കുടുംബങ്ങളുടെ എണ്ണം** | **ശതമാനം** |
| തത്തുല്യമോ കൂടുതൽ ഫലഭൂയിഷ്ഠമോ ആയ ഭൂമിയും, ആഘാത ബാധിതമായവ പുനർനിർമ്മിക്കാനുള്ള സാമ്പത്തീകവും | 0 | 0 |
| പുനസ്ഥാപനമൂല്യത്തിനനുസൃതമായ നഷ്ടപരിഹാരതുക | 5 | 100 |

പട്ടിക 7.5 പ്രകാരം ഗാർഹീക ഉടമസ്ഥരുടെ പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ ആണ് പ്രതിപാദിച്ചിരിക്കുന്നത്. 100% ആഘാതബാധിതരും പുനസ്ഥാപന മൂല്യത്തിനനുസൃത മായ നഷ്ടപരിഹാര തുകയും, പുനരധിവാസത്തിനുള്ള സാമ്പത്തീക സഹായം ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

## അദ്ധ്യായം – 8

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – സ്ഥാപന ഘടന

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിനായി ഭൂമിയും വസ്തുവഹകളും ഏറ്റെടുക്കുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് 2013 ലെ അവകാശ നിയമം 44 (1) അനുസരിച്ച് നിയമിക്കപ്പെടുന്നവരുടെ ഉത്തരവാദിത്വമാണ്.

### 8.1 സ്ഥാപന ഘടനയും, ഉദ്യോഗസ്ഥരും

അഘാത ബാധിതരായ വ്യക്തികൾക്കും, കുടുംബങ്ങൾക്കും, തൊഴിലാളികൾക്കുമുള്ള പുനരധിവാസ, പുനസ്ഥാപന പ്രവർത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണെമെന്നാണ് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും വ്യവസ്ഥചെയ്യുന്നത്. ഇത്തരത്തിൽ നിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും, പുനരധിവാസ, പുനസ്ഥാപന കമ്മീഷണറുടേയും മേൽനോട്ടത്തിലും, നിയന്ത്രണത്തിലും, നിർദ്ദേശങ്ങൾ അനുസരിച്ചും  പുനരധിവാസ, പുനസ്ഥാപന പ്ലാൻ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണെന്നും, ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിനും, കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ 23 സെപ്റ്റംബർ 2015 ലെ ഉത്തരവ് (എം.എസ്) നമ്പർ 485/2015/ആർ.ഡി പ്രകാരം ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ഭരണ വിഭാഗം സെക്രട്ടറി, നിയമ സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള സംസ്ഥാന തല കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനസ്ഥാപനം), ലാന്റ് അക്വിസിഷൻ ഓഫീസർ, ഫൈനാൻസ് ഒഫീസർ, അർഥനാധികാരി, പ്രാദേശിക സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രതിനിധി എന്നിവരുൾപ്പെടുന്ന സമിതിയാണ് ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നത്.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ 43 (1) പ്രകാരം പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് കേരള സർക്കാരിന്റെ 11-11-2015 തിയ്യതിയിലെ GO (P) M No. 590/2015/RD ഉത്തരവുപ്രകാരം ഓരോ ജില്ലയിലേയും ഡെപ്യൂട്ടി കളക്ടർമാരെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ച് ചുലതല ഏൽപ്പിച്ചിരിക്കുന്നു.

2015 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 43 (1) അനുസരിച്ചും, കേരള

സർക്കാരിന്റെ 04-12-2015 തിയ്യതിയിലെ GO (P) M No. 649/2015/RD ഉത്തരവുപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ.എ), സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എന്നിവരെ ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന ഒരുത്തരവാദിത്വമോ, അതിൽ കൂടുതൽ ഉത്തരവാദിത്വങ്ങളോ ജില്ലാതലത്തിൽ നിർവ്വഹിക്കുവാൻ നിയമിച്ചിരിക്കുന്നു.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് ന്യായമായ നഷ്ടപരിഹാരവും, അനുയോജ്യമായ പുനരധിവാസ, പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതിനാവശ്യമായ തീരുമാനങ്ങൾ അന്തിമമായി സ്വീകരിക്കേണ്ട ഉത്തരവാദിത്വം ജില്ലാതല സമിതിയിൽ നിക്ഷിപ്തമാണ്.

## അദ്ധ്യായം – 9

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം, ദൂരീകരണം – ബജറ്റ്

### 9.1 പുനരധിവാസത്തിന്റേയും, പുനസ്ഥാപനത്തിന്റേയും ചെലവ്

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും അധികാരപ്പെടുത്തിയിരിക്കുന്ന സമിതിയാണ് ഇവ നിശ്ചയിക്കുന്നത്.

### 9.2 വാർഷിക ബജറ്റും, കർമ്മ പദ്ധതികളും

ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഭൂഉടമസ്ഥർക്കുള്ള ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം മുതലായവക്കുള്ള തുക വകയിരുത്തി നൽകുന്ന ചുമതലകൾ സമുചിത സർക്കാരാണ് നിർവ്വഹിക്കുന്നത്. നിർമ്മാണ പ്രവർത്തികൾക്കായുള്ള ബജറ്റും, കർമ്മ പദ്ധതികളും ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിൽ അർഥനാധികാരിയുടെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കുന്നതാണ്.

### 9.3 സാമ്പത്തീക സ്രോതസ്സുകളും, ചെലവിനങ്ങളും

ലഭ്യമല്ല

## അദ്ധ്യായം – 10

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – ഗതിനിയന്ത്രണവും, വിലയിരുത്തലും

**ആമുഖം**

വികസന പ്രക്രീയയുടെ ആസൂത്രണം മുതൽ വിലയിരുത്തൽ വരെയുള്ള വിവിധ ഘട്ടങ്ങളിലെ ഇടപെടലുകൾ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും, ഗുണമേൻമ ഉറപ്പുവരുത്തുന്നതിനും സഹായകമാണ്. ഗുണനിലവാരത്തിന്റെ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ലഘൂകരണ നടപടികൾ സ്വീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്രകാരം ചെയ്യുന്നത്.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ പ്രക്രീയയും, അതിന്റെ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നടപടികളും രേഖപ്പെടുത്തുന്നതിനും, പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സംസ്ഥാന, ജില്ലാ തലങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്.

### 10.1 സംസ്ഥാന തലം

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ 44 (1) പ്രകാരം പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമായുള്ള കമ്മീഷണറെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് കേരള സർക്കാരിന്റെ 11-04-2015 തിയ്യതിയിലെ GO (P) M No. 589/2015/RD ഉത്തരവുപ്രകാരം ഭൂനികുതി കമ്മീഷണറെ ബന്ധപ്പെട്ട ചുമതലയിൽ നിയമിച്ചു. സംസ്ഥാനതലത്തിൽ പുനരധിവാസ പദ്ധതികളുടെ രൂപീകരണം നിരീക്ഷിക്കുകയും, ആയതിന്റെ സമയബദ്ധിതമായ നടത്തിപ്പ് ഉറപ്പാക്കുകയും, പുനരധിവാസത്തിനുശേഷം ബന്ധപ്പെട്ട പ്രാദേശീക ഗവൺമെന്റുകളുമായി പര്യാലോചിച്ച് സോഷ്യൽ ആഡിറ്റിന് വിധേയമാക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം കമ്മീഷണറിൽ നിക്ഷിപ്തമാണ്.

### 10.2 ജില്ലാ തലം

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ 43 (1) പ്രകാരം നിയമിതനായ ഉദ്യോഗസ്ഥനാണ് ജില്ലാതലത്തിൽ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചുള്ള പുനരധിവാസ, പുനസ്ഥാപന പദ്ധതികളുടെ രൂപീകരണത്തിന്റേയും, നിരീക്ഷണത്തിന്റേയും ചുമതല നിർവ്വഹിക്കുന്നത്. കേരള സർക്കാരിന്റെ 11-04-2015 തിയ്യതിയിലെ GO (P) M No. 590/2015/RD ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി കളക്ടർ (എൽ.എ) മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിനായി നിയമിച്ചു. കൂടാതെ ന്യായമായ നഷ്ടപരിഹാരത്തിനും, പുനരധിവാസ, പുനസ്ഥാപന പദ്ധതികൾക്ക് അന്തിമരൂപം നൽകി നടപ്പിലാക്കുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാതല നഷ്ടപരിഹാര, പുനരധിവാസ സമിതിയേയും, സംസ്ഥാനതല ശാക്തീകരണ സമിതിയേയും അധികാരപ്പെടുത്തി.

ആഘാതബാധിതരായ വ്യക്തികൾക്കും, കുടുംബങ്ങൾക്കും 2013 ലെ നിയമത്തിനനുസൃതമായി ന്യായമായ നഷ്ടപരിഹാരവും, പുനരധിവാസ, പുനസ്ഥാപന നടപടികളും വിഭാവനം ചെയ്ത് അന്തിമരൂപം നൽകുന്നതിനുള്ള അധികാരം ജില്ലാ സമിതിയിൽ നിക്ഷിപ്തമാണ്. ജില്ലാ സമിതികളുടെ ശുപാർശകൾ പരിഗണിച്ച് അംഗീകരിക്കുകയോ, നിർദ്ദേശങ്ങളോടെ തിരിച്ചയക്കുകയോ ചെയ്യുക എന്നുള്ളത് സംസ്ഥാന സമിതിയുടെ ഉത്തരവാദിത്വമാണ്.

## അദ്ധ്യായം – 11

## ചെലവുകളേയും, പ്രയോജനങ്ങളേയും സംബന്ധിച്ച വിശകലനവും, ശുപാർശകളും

### ആമുഖം

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള **'പൊതു ആവശ്യം'** എന്ന ശീർഷകത്തിൽ വരുന്നതാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കൂടുതലായി ഭൂമിയും, വസ്തുവഹകളും കൈവശം വെച്ചും, ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമീക ആഘാത ബാധിതരും, ഭൂമിയുടേയും, നിർമ്മിതികളുടേയും ഉടമസ്ഥരുമായ വ്യക്തികളും, കുടുംബങ്ങളും ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ അഘാതബാധിതരായി മാറുന്നു എന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്. ആയതിനാൽ 2013 ലെ നിയമങ്ങളിലും, അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സാമൂഹ്യ പ്രത്യാഘാതം പരമാവധി കുറക്കാവുന്നതാണ്.

### 11.1 അന്തിമ വിശകലനം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ വ്യത്യസ്ത സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്നതും, നേമം അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പദ്ധതി പ്രദേശത്തെ 5 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിരിക്കുന്ന 5 സബ്ഡിവിഷനുകളിലായി 5 കുടുംബങ്ങളിലെ 5 ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന ഏകദേശം 27.12 ആർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്.

പദ്ധതി പ്രദേശത്തെ 5 കുടുംബങ്ങളിലെ 5 സ്വകാര്യ ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന 5 സർവ്വേ നമ്പറുകളിലായി 5 സബ്ഡിവിഷനുകളിലുള്ള ഏകദേശം 27.12 ആർ ഭൂമി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ 5 കുടുംബങ്ങളെ നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നതാണ്.

ഭൂമിശാസ്ത്രപരവും, തന്ത്രപ്രധാനവുമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തീരപ്രദേശങ്ങളുടെ സുരക്ഷ നിരീക്ഷണത്തിനും, സംരക്ഷണത്തിനും ആവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായതിനാൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതി അത്യന്താപേക്ഷിതമാണ്. കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ ആകാശ നിരീക്ഷണത്തിനും, തിരച്ചിലിനും, രക്ഷപ്പെടുത്തലുകൾക്കുമായി ആവശ്യമായ തീരസംരക്ഷണ വ്യോമയാന സൗകര്യങ്ങൾ തിരുവനന്തപുരത്ത് നിലവിലില്ലാത്തതിനാൽ ഇപ്പോഴും കൊച്ചിയെ ആശ്രയിച്ചാണ് ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് തിരുവനന്തപുരത്ത് ആരംഭിക്കുകയാണെങ്കിൽ ആവശ്യഘട്ടങ്ങളിലെല്ലാം തീരപ്രദേശങ്ങളുടെ സുരക്ഷാ നിരീക്ഷണത്തിനും, സംരക്ഷണത്തിനും, ദേശീയ–അന്തർദേശീയ കപ്പൽ ഗതാഗതം നിരീക്ഷിക്കുന്നതിനും, മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്കും സാധിക്കുന്നതോടൊപ്പം പ്രകൃതി ദുരന്തങ്ങളോട് സമയബന്ധിതമായി പ്രതികരിക്കുന്നതിനും പ്രസ്തുത യൂണിറ്റിന് സാധിക്കുന്നതാണ്.

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആഘാതബാധിതരാകുന്ന വ്യക്തികളേയും, കുടുംബങ്ങളേയും സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങളാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്:

| പട്ടിക 11.1 പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ | |
|---|---|
| ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ) | |
| 4(1) വിജ്ഞാപന പ്രകാരം ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ) | 27.12 |
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ഹെക്ടർ) | 27.12 |
| **ആകെ (ഹെക്ടർ)** | **27.12** |

കുറിപ്പ്: വിവരദാതാക്കൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രസ്താവിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നത്. ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകേണ്ടതായി വരുന്നതാണ്. ഇത്തരത്തിൽ നഷ്ടപരിഹാരം നൽകി നിർദ്ദിഷ്ട ഭൂമി എതിർപ്പുകളോ, തടസ്സങ്ങളോ ഇല്ലാതെ ഏറ്റെടുക്കാൻ സാധിക്കുന്നതാണ്.

## 11.2 ആഘാതബാധിതരുടെ പ്രധാന നിർദ്ദേശങ്ങൾ

ആഘാതബാധിതരായ ഭൂഉടമസ്ഥർ നൽകിയ നിർദ്ദേശങ്ങൾ താഴെപറയുന്ന രീതിയിൽ സംഗ്രഹിക്കാവുന്നതാണ്:

1) **ഭൂമി ഏറ്റെടുക്കൽ:–** പൈതൃകമായും, വിലക്ക് വാങ്ങിയും കാലങ്ങളായി കൈവശം വെച്ച് അനുഭവിച്ച് വരുന്ന സ്വത്ത്വകകളാണ് നിർദ്ദിഷ്ട പദ്ധതിക്കായി വിട്ട് നൽകേണ്ടി വരുന്നത്. ആയതിനാൽ വിട്ടുനൽകുന്ന ഭൂമിക്ക് അർഹമായ നഷ്ടപരിഹാരം ഏറ്റെടുക്കുന്ന അവസരത്തിൽ താമസംവിനാ നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. 5 സർവ്വേ നമ്പറുകളിലായി 5 സബ്ഡിവിഷനുകളിലുള്ള ഏകദേശം 27.12 ആർ ഭൂമി നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നതാണ്.

2) **നിർമ്മിതികളുടെ നഷ്ടം:** ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള നിർമ്മിതികൾക്കെല്ലാം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള അർഹമായ നഷ്ടപരിഹാരം അനുവദിച്ച് നൽകേണ്ടതാണ്.

3) **ഉപജീവന നഷ്ടം:–** ഏറ്റെടുക്കേണ്ട ഭൂമി പ്രധാനമായും കാർഷികവൃത്തിക്കായി ഉപയോഗിക്കുന്നവയാണ്. ആഘാതബാധിതരിൽ തൊഴിൽ, വരുമാനം എന്നിവ നഷ്ടമാകുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന അർഹമായ നഷ്ടപരിഹാരം പുനരധിവാസ, പുനസ്ഥാപന പാക്കേജിൽ ഉൾപ്പെടുത്തി നൽകണം.

4) **കാർഷിക വിളകളുടെ നഷ്ടം:–** നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള വൃക്ഷങ്ങൾക്കും അർഹമായ നഷ്ടപരിഹാരം ഭൂമിവിലയോടൊപ്പം കണക്കാക്കി സർക്കാർ നിശ്ചയിച്ച് നൽകേണ്ടി വരുന്നതാണ്.

5) **ഭൂരേഖകളുടെ ക്രമപ്പെടുത്തൽ:–** ഏതാനും ഭൂഉടമസ്ഥർ തങ്ങളുടെ ഭൂരേഖകൾ സമയബന്ധിതമായി പുതുക്കിയിട്ടില്ലാത്തവരാണ്. കുടുംബത്തിലെ മരണപ്പെട്ടവരുടേയും മറ്റും പേരിലുള്ള ഭൂരേഖകൾ അവകാശികളുടെ പേരിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള അവസരവും, സാവകാശവും നൽകണമെന്ന് ആവശ്യപ്പെടുന്നു.

### 11.3 ശുപാർശകൾ

ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്ന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന ഗുണ–ദോഷ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതിക്ക് ഏറ്റവും അനുയോജ്യമായതും, കുറഞ്ഞ അളവിലുള്ള ഭൂമിയുമാണ് സ്വകാര്യ ഉടമസ്ഥരിൽനിന്നും ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും വിലയിരുത്തുന്നു. ആഘാത ബാധിതർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെ അപേക്ഷിച്ച് പദ്ധതി യാഥാർഥ്യമാകുന്നതിലൂടെ സംസ്ഥാനത്തേയും, രാജ്യത്തിന്റേയും അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം സാമൂഹ്യ സാമ്പത്തീക വികസനവും സാധ്യമാകുമെന്നാണ് വിലയിരുത്തുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവർ ആയതിനാലും, നിർദ്ദിഷ്ട വികസനത്തിന് ഈ പദ്ധതി ആവശ്യമായതിനാലും, ആഘാത ബാധിതർ നൽകിയ മേൽസൂചിപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് ഭൂമിയും, കൃഷിയും, നിർമ്മിതികളും, ജീവനോപാധികളും നഷ്ടമാകുന്ന ഭൂഉടമസ്ഥർക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ പ്രതിപാദിക്കുന്ന നഷ്ടപരിഹാരം നൽകി ഭൂവസ്തുക്കൾ ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്.

✪ -------------------------- ✪

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## കോസ്റ്റ് ഗാർഡ് എയർ എൻക്ലേവ്

## എയർ ഓപ്പറേഷൻ യൂണിറ്റ്

## അനുബന്ധം

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വെള്ളി<br><br>Thiruvananthapuram,<br>Friday | 2022 ഒക്ടോബർ 14<br>14th October 2022<br>1198 കന്നി 28<br>28th Kanni 1198<br>1944 ആശ്വിനം 22<br>22nd Aswina 1944 | നമ്പർ<br>No. | 3536 |

ഫാറം നമ്പർ 4
ചട്ടം 11(3)

### വിജ്ഞാപനം

കെ6-19533/2018 *2022 ഒക്ടോബർ 11*

)

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് തിരുവനന്തപുരം വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ടെർമിനലിനും റൺവേയ്ക്കും സമീപം എയർ ഓപ്പറേഷൻസ് യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്നതിന് സ്ഥലം ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള ആക്ട് 2013 (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1) -ാം ഉപവകുപ്പ് അനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ, ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ പ്ലാനറ്റ് കേരള റ്റി.സി.-8/1378(8), ശ്രീബാബ ലയിൻ, വലിയവിള, തിരുമല പി.ഒ തിരുവനന്തപുരത്തിന് അനുമതി നൽകുന്നു. ടി പ്രവൃത്തി ഒരു മാസ കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതും യാതൊരു കാരണവശാലും ആറു മാസ കാലയളവ് അധികമാകാൻ പാടില്ലാത്തതുമാണ്.

**പട്ടിക**

ജില്ല - തിരുവനന്തപുരം
താലൂക്ക് - തിരുവനന്തപുരം
വില്ലേജ് - പേട്ട

| ക്രമ നമ്പർ | പഴയ സർവ്വെ നമ്പർ | റീസർവേ ബ്ലോക്ക് നമ്പർ | റീസർവേ നമ്പർ | തരം |
|---|---|---|---|---|
| 1 | 1793 ഭാഗം | 11 | 29 | പുരയിടം |
| 2 | 1793 ഭാഗം | 11 | 30 | പുരയിടം |
| 3 | 1793 ഭാഗം, 1792/2 ഭാഗം | 11 | 31 | പുരയിടം |
| 4 | 1793 ഭാഗം | 11 | 32 | പുരയിടം |
| | **ആകെ വിസ്തീർണ്ണം 27.12 ആർ** | | | |

(ഒപ്പ്)
ജില്ലാ കളക്ടർ
*തിരുവനന്തപുരം*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നില്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ പേട്ട വില്ലേജിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് എൻക്ലേവ് സ്ഥാപിക്കുന്നതിന് ആർ.എഫ്.സി.റ്റി. എൽ.എ.ആർ.ആർ. ആക്ട് 2013 ലെ വ്യവസ്ഥകൾക്ക് വിധേയമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും പ്ലാനറ്റ് കേരള റ്റി.സി.-8/1378(8), ശ്രീബാല ലയിൻ, വലിയവിള, തിരുമല പി.ഒ തിരുവനന്തപുരത്തിന് അനുമതി നൽകുന്നു. ആർ.എഫ്.സി.റ്റി. എൽ.എ.ആർ.ആർ. ചട്ടങ്ങൾ 2015 ലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടം 11(3) പ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതു ്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2022.10.14 06:52:42 +05:30

## ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് - എയർ എൻക്ലേവ്

## ആഘാതബാധിതരായ കുടുംബങ്ങളുടെ പട്ടിക

| | | | |
|---|---|---|---|
| ജില്ല | തിരുവനന്തപുരം | താലൂക്ക് | തിരുവനന്തപുരം |
| വില്ലേജ് | പേട്ട | ബ്ലോക്ക് നമ്പർ | 11 |

| ക്രമ നമ്പർ | സർവ്വെ നമ്പർ | തണ്ടപ്പേർ നമ്പർ | പേര് | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | 30 | 855 | ആന്റണി ഫെർണാൻഡസ് (ലേറ്റ്)<br>ജെയിൻ ആന്റണി (ലേറ്റ്)<br>അഞ്ജന വർഗ്ഗീസ് (നോമിനി)<br>ദീപാഞ്ജലി, റ്റി.സി. 87/812<br>വലിയതോപ്പ്, വള്ളക്കടവ്. പി.ഒ | 9539747800 |
| 2 | 1793/A-14-2,<br>1793/A-14-3,<br>1793/A-14-1-1,<br>1793/1 | 26049 | ജെ. ശരത്ചന്ദ്രൻ നായർ<br>ചന്ദ്രമംഗലം, റ്റി.സി. 7/13851<br>വേട്ടമുക്ക്, തിരുമല പി.ഒ | 9747422666 |
| 3 | | | ആനി തർസിൽ ജോസഫ് (ലേറ്റ്)<br>റോബിൻ ജോസ്, റ്റി.സി. 8/1049<br>ഇല്ലികുന്നിൽ ഹൗസ്,<br>ഇലങ്കത്ത്നഗർ, തിരുമല പി.ഒ | 9447271855 |
| 4 | 1793/A1,<br>1793/A | 19914,<br>20161 | ക്ലീറ്റസ് എഫ്/ ഫ്രാൻസീസ് ക്ലീറ്റസ്<br>ഇ.എം.എസ്. നഗർ, പാറ്റൂർ,<br>തിരുവനന്തപുരം | 9846411111 |
| 5 | 1791,<br>1793 | | അൺടൈറ്റിൽഡ് ലാന്റ് | |

**നോട്ടീസ്**

**ഫോറം – 5 ചട്ടം 14 (1)**

നമ്പർ **143/SIA/PH/2023** തിയ്യതി **13-02-2023**

തിരുവനന്തപുരം ജില്ല പേട്ട വില്ലേജ് പരിധിയിൽ വരുന്ന നിങ്ങളുടെ ഭൂമി/കെട്ടിടം ഒരു പൊതു ആവശ്യത്തിന് അതായത് ഇന്ത്യൻ കോസ്റ്റ് ഗാർഡ് എയർ ഓപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി എയർ എൻക്ലേവ് സ്ഥാപിക്കുന്നതിനായി ഏകദേശം **27.12** ആർ ഭൂമി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കാണുന്നതും, ആയതിനുവേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (കേന്ദ്ര നിയമം **30/2013**) വകുപ്പ് **4** ൽ **1** ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം **14-10-2022** ന് **3536** നമ്പറായി കേരള സംസ്ഥാന അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠനത്തിൻറെ അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി നിങ്ങളുടെ ഭൂമി/കെട്ടിടത്തിൽ അവകാശമുള്ള എല്ലാ ആളുകളും **2023 ഫെബ്രുവരി മാസം 28 തിയ്യതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് ദീപാഞ്ജലി റ്റി.സി. 87/812 വസതിയിൽ** വെച്ച് കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തുന്ന പബ്ലിക് ഹിയറിംഗിൽ ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. കരട് റിപ്പോർട്ട് **www.planetkerala.org** ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് പബ്ലിക് ഹിയറിംഗിൽ പങ്കെടുക്കേണ്ട ഭൂഉടമസ്ഥരുടെ സർവ്വേ നമ്പർ:

| | | |
|---|---|---|
| **1** | **പേട്ട വില്ലേജ് ബ്ലോക്ക് നമ്പർ 11** | |
| | **റീസർവ്വേ നമ്പർ** | **29, 30, 31, 32** |

**ചെയർമാൻ, സാമൂഹ്യ പ്രത്യാഘാത നിർണ്ണയ യൂണിറ്റ്**

**പ്ലാനറ്റ് കേരള, തിരുമല. പി.ഒ. തിരുവനന്തപുരം 695006 (ഹെൽപ് ലൈൻ 8281122010)**